സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തോടിന്റെ

കൈവഴിയ്ക്ക് കുറുകെയുമുള്ള പാലങ്ങൾ ( 2 പാലം)

പുനർനിർമ്മിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മാണത്തിനും

വേണ്ടി ഭൂമി ഏറ്റെടുക്കൽ പദ്ധതി.

കരട് റിപ്പോർട്ട്

എസ്. ഐ. എ. സ്റ്റഡി യൂണിറ്റ്

ഐ.ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്)

തിരുവനന്തപുരം

12-08-2022

**ഉള്ളടക്കം**


## അദ്ധ്യായം - 1 സംഗ്രഹം

1.1 ആമുഖം

1.2 സ്ഥാനം

1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

1.4 ബദൽ സാദ്ധ്യതകൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 സാമൂഹ്യ പ്രത്യാഘാത ലഘൂകരണമാർഗ്ഗങ്ങൾ

## അദ്ധ്യായം - 2 വിശദമായ പദ്ധതി വിവരണം

2.1 പദ്ധതിയുടെ പശ്ചാത്തലം

2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധം

2.3 പ്രോജക്ടിന്റെ വലിപ്പം, സ്ഥാനം എന്നിവ

2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

2.6 അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

2.7 തൊഴിലാളികളുടെ ആവശ്യകത

2.8 മുൻപ് നടത്തിയ പഠനങ്ങൾ

2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

## അദ്ധ്യായം - 3 സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

3.1 പശ്ചാത്തലം

3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

3.3 എസ്. ഐ. എ. സ്റ്റഡി ടീം

3.4 ദ്വീതീയ വിവരശേഖരണം

3.5 പദ്ധതിപ്രദേശ സന്ദർശനവും വിവരണങ്ങൾ നൽകലും

3.6 സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരണശേഖരണം

3.7 സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും

3.8 സ്ഥിതിവിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

## അദ്ധ്യായം - 4 ഭൂമി തിട്ടപ്പെടുത്തൽ

4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ

4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

4.5 ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

4.6 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

## അദ്ധ്യായം - 5 മൂല്യ നിർണ്ണയവും വിശകലനവും

5.1 ആമുഖം

5.2 പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നഒക്കെ

5.3 പരോക്ഷമായി ബാധിക്കപ്പെടുന്നഒക്കെ

5.4 ബാധിത കുടുംബങ്ങൾ

5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

## അദ്ധ്യായം - 6 സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

## അദ്ധ്യായം - 7 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

7.1 ആഘാതം കുറക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

7.3 ആഘാത ബാധിതരുടെ തരം

7.4 പൊതുജനങ്ങളുടെ ആശങ്കകൾ

7.5 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ

7.6 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

7.7 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

## അദ്ധ്യായം - 8 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

## അദ്ധ്യായം - 9 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

## അദ്ധ്യായം - 10 സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി നിരീക്ഷണവും അവലോകനവും

## അദ്ധ്യായം - 11 വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും

11.1 പ്രധാന കണ്ടെത്തലുകൾ

11.2 എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

## അദ്ധ്യായം - 1

## സംഗ്രഹം

# തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തോടിന്റെ കൈവഴിയ്ക്ക് കുറുകെയുമുള്ള പാലങ്ങൾ ( 2 പാലം)

# പുനർനിർമ്മിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മാണത്തിനും വേണ്ടി ഭൂമി ഏറ്റെടുക്കൽ പദ്ധതി.

### 1.1. ആമുഖം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൃപ്പാദപുരം ജംഗ്ഷനിൽ തുടങ്ങി തൃപ്പാദപുരം അരശുംമൂട് റോഡിൽ പദ്ധതിപ്രദേശം സ്ഥിതി ചെയ്യുന്നു തിരുവനന്തപുരം കോർപ്പറേഷൻ ആറ്റിപ്ര വില്ലേജിൽ, ആറ്റിപ്ര വാർഡിൽ ബ്ലോക്ക് 17-ൽ , റീസർവ്വേ 340/പാർട്ട്, 343/പാർട്ട്, 346/പാർട്ട്, 394/പാർട്ട്, 395/പാർട്ട്, 397/പാർട്ട് എന്നിവയിൽ ഉൾപ്പെട്ട 19.40 ആർ (47.92 സെന്റ്) ഭൂമിയാണ് തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തോടിന്റെ കൈവഴിയ്ക്ക് കുറുകെയുമുള്ള പാലങ്ങൾ (2 പാലം) പുനർനിർമ്മിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മാണത്തിനും വേണ്ടി ഏറ്റെടുക്കേണ്ടതായി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ശ്രീകാര്യം-കഴക്കൂട്ടം റോഡിൽ, കാര്യവട്ടം കാമ്പസ് ജംഗ്ഷനിൽ നിന്നും ഇടതുവശം സി. എസ്. ഐ. ചർച്ച് റോഡിൽ രണ്ടര കിലോമീറ്റർ മാറി തൃപ്പാദപുരം ജംഗ്ഷൻ സ്ഥിതിചെയ്യുന്നു. തൃപ്പാദപുരം ജംഗ്ഷനിൽ നിന്നുമുള്ള റോഡിന് ഇരുവശവും ഉള്ള പ്രദേശവും, തെറ്റിയാർ തോടിന് കുറുകെയുള്ള ആദ്യത്തെ വലിയ പാലവും, തെറ്റിയാർ തോടിന്റെ കൈവഴിക്ക് കുറുകെയുള്ള രണ്ടാമത്തെ ചെറിയ പാലവും ഉൾപ്പെടുന്ന റോഡ് അരശുംമൂട് ജംഗ്ഷനുമുമ്പ് തിപ്പെട്ടി ശാസ്താ ക്ഷേത്രത്തിനുമുമ്പുള്ള KSEB ട്രാൻസ്ഫോർമർ വരെയുള്ള സ്ഥലമാണ് പദ്ധതി പ്രദേശം.

തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം - കഴക്കൂട്ടം റോഡിൽ കാര്യവട്ടം ക്യാമ്പസ് ജംഗ്ഷനിൽ നിന്നും 2.5 കി. മി. അകലത്തിൽ സ്ഥിതിചെയ്യുന്ന തൃപ്പാദപുരം എലൈറ്റ് ജംഗ്ഷൻ അഥവാ ചമ്പീടുംകുഴി ജംഗ്ഷനിൽ നിന്നും 2.5 കി. മീറ്റർ യാത്ര ചെയ്താൽ കാര്യവട്ടം കാമ്പസ് ജംഗ്ഷനിൽ എത്തി കഴക്കൂട്ടം ഭാഗത്തേക്കും, തൃപ്പാദപുരം എലൈറ്റ് ജംഗ്ഷൻ അഥവാ ചമ്പീടുംകുഴി ജംഗ്ഷനിൽ നിന്നും കല്ലിംഗൽ ജംഗ്ഷൻ വലതുവശം ആറ്റിൻകുഴി ഭാഗത്തേക്ക് എത്തിയാൽ 2 കി. മി. അകലത്തിൽ കഴക്കൂട്ടം - കാരോട് ബൈപ്പാസ് റോഡിന്റെ ആറ്റിൻകുഴി ഭാഗത്ത് എളുപ്പമാർഗ്ഗം എത്തിച്ചേരാവുന്നതാണ്. തൃപ്പാദപുരം അരശുംമൂട് റോഡിൽ അരശുംമൂട് ജംഗ്ഷനിൽ നിന്നും നേരെ കുളത്തൂർ വഴിയും ബൈപ്പാസ് റോഡിൽ പ്രവേശിക്കാവുന്നതാണ്. അരശുംമൂട് റോഡിൽ അരശുംമൂട് ജംഗ്ഷനിൽ നിന്നും ഇടത്തേക്ക് 3 കി. മി. യാത്രചെയ്താൽ തിരുവനന്തപുരം റോഡിൽ ശ്രീകാര്യത്തിന് തൊട്ടുമുമ്പുള്ള ചാവടിമുക്ക് ജംഗ്ഷനിൽ എളുപ്പമാർഗ്ഗം എത്തിച്ചേരാവുന്നതാണ്. ചാവടിമുക്ക് - കാര്യവട്ടം - കഴക്കൂട്ടം - കാരോട് ബൈപ്പാസ് എന്നിവയെ എളുപ്പമാർഗ്ഗം എത്തിച്ചേരുന്നതിന് കൂട്ടിയിണക്കുന്ന കണ്ണിയായാണ് തൃപ്പാദപുരം - അരശുംമൂട് റോഡ് നിലകൊള്ളുന്നത്.

ഇന്ത്യയിലെതന്നെ പ്രശസ്തമായതും വളരെയധികം ഉദ്യോഗസ്ഥരെ ഉൾക്കൊള്ളുന്നതുമായ ഐ. ടി. പാർക്ക് സമുച്ചയങ്ങൾ സ്ഥിതിചെയ്യുന്നത് തിരു: കഴക്കൂട്ടം, ടെക്നോപാർക്ക് പദ്ധതി പ്രദേശത്തിന് സമീപത്താണ്. വളരെയധികം കെട്ടിട സമുച്ചയങ്ങളും, വ്യാപാര വ്യവസായ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ലയിലെ ഏറ്റവുമധികം തിരക്കേറിയ കഴക്കൂട്ടം-കാരോട് ബൈപ്പാസ് (NH-47) റോഡ്, തിരുവനന്തപുരം കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ് എന്നിവ പദ്ധതി പ്രദേശത്തിന് ചുറ്റുമായി നിലകൊള്ളുന്നു. അതുകൊണ്ടുതന്നെ തിരുവനന്തപുരം ചാവടിമുക്ക്വഴി അരശുംമൂട് തൃപ്പാദപുരം, അരശുംമൂട് കുളത്തൂർ - അരശുംമൂട് തൃപ്പാദപുരം കാര്യവട്ടത്തേക്കും, ബൈപാസ് റോഡ്വഴി ടെക്നോപാർക്കിലേക്കും എത്തിച്ചേരുന്നതിന് എളുപ്പമാർഗ്ഗം ഉപയോഗിച്ചുവരുന്ന റോഡാണ് തൃപ്പാദപുരം അരശുംമൂട് റോഡ്. തദ്ദേശ സ്ഥലവാസികൾ അല്ലാതെയുള്ള പാർക്കിലേക്കും കോളേജിലേക്കും, സ്കൂളുകളിലേയ്ക്കുമുള്ള നിരവധി വാഹനങ്ങൾ കടന്നുപോകുന്ന റോഡാണ് തൃപ്പാദപുരം അരശുംമൂട് റോഡ്. വളരെ ഇടുങ്ങിയതും, അപകടം പതിയിരിക്കുന്ന വളവുകളും, കാലപ്പഴക്കംചെന്ന 2 പാലങ്ങളും ഉൾപ്പെട്ടതും, വളരെയധികം അപകടസാധ്യതയുമുള്ള റോഡാണിത്. ഏതെങ്കിലുമൊരു വാഹനം ബ്ലോക്കായാൽ മണിക്കൂറുകളോളം ശ്രമിച്ചാലും കാൽനടയാത്ര

ക്കാർക്കുപോലും മുന്നിലേക്കോ പിന്നിലേക്കോ പോകാനാകാത്തവിധം വാഹനങ്ങളും, യാത്ര ക്കാരും സ്ഥിരമായി അകപ്പെട്ടുപോകാറുള്ള റോഡാണ് തൃപ്പാദപുരം അരശുംമൂട് റോഡ്.

പദ്ധതി പ്രദേശത്തു സ്ഥിതിചെയ്യുന്ന തെറ്റിയാർ തോട് തിരുവനന്തപുരം ചെമ്പഴന്തി അണി യൂർ നിന്നും ചെറിയ ചെറിയ കൈവഴികളായിതുടങ്ങി തെറ്റിയാർ ചേർന്ന് 5 കി. മി. മാറി ആക്കുളം വേളി കായലിൽ ചെന്നുചേരുന്നു. തെറ്റിയാർ തോടിന് കുറുകെയുള്ള പാലത്തിന് 65 വർഷത്തെ കാലപ്പഴക്കം ഉള്ളതും വർഷകാലത്ത് വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്ന പ്രദേ ശവുമാണ്. തെറ്റിയാർ തോടിന്റെ കൈവഴി തിരുവനന്തപുരം കഴക്കൂട്ടം ടെക്നോപാർക്കിനു സമീപത്തുനിന്നും തുടങ്ങി തെറ്റിയാർ വന്നുചേരുകയും കുറച്ചകലെ പലകൈവഴികളിലായി പിരിഞ്ഞുപോകുകയും ചെയ്യുന്നു. തെറ്റിയാർ തോടിന്റെ കൈവഴിക്ക് കുറുകെയുള്ള പാല ത്തിന് തെറ്റിയാർ തോടിന് കുറുകെയുള്ള പാലത്തിന്റെ അത്രയും കാലപ്പഴക്കം ഉള്ളതായി കണക്കാക്കുന്നു. കാലപ്പഴക്കംചെന്ന രണ്ട് പാലങ്ങളും തിക്കുംതിരക്കും ഇടുങ്ങിയതുമായ റോഡും ചേർന്നതാണ് പദ്ധതിപ്രദേശം. ആയതിനാൽ പ്രദേശത്തെ ഈ തിക്കുംതിരക്കും കുറ ക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും ഈ പദ്ധതി വളരെ അനിവാര്യമാണ്. ഈ പ്രദേശത്തിന്റെ ആകെ പുരോഗതിക്കും, വികസനത്തിനും, പൊതുജന സുരക്ഷയ്ക്കും പ്രസ്തുത പദ്ധതി അത്യന്താപേക്ഷിതമാണ്.

## 1.2 സ്ഥാനം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ആറ്റിപ്ര വില്ലേജിൽ ആറ്റിപ്ര വാർഡിൽ (വാർഡ് 98) തൃപ്പാദപുരം ജംഗ്ഷനിൽ തുടങ്ങി തെറ്റിയാർ തോടിന് കുറു കെയുള്ള ഒന്നാമത്തെ വലിയ പാലം, തെറ്റിയാർ തോടിന്റെ കൈവഴിക്ക് കുറുകെയുള്ള രണ്ടാ മത്തെ ചെറിയ പാലവും ഉൾക്കൊള്ളുന്ന തൃപ്പാദപുരം അരശുംമൂട് വരെയുള്ള റോഡിന് ഇരു വശവുമുള്ള പ്രദേശമാണ് പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടതായി വരുന്നത്.

## 1.3 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതി നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട തിരുവനന്തപുരം കോർപ്പറേഷനിൽ ആറ്റിപ്ര വില്ലേ

ജിൽ ബ്ലോക്ക് 17ൽ റീസർവ്വേ നമ്പർ 340/പാർട്ട്, 343/പാർട്ട്, 346/പാർട്ട്, 394/പാർട്ട്, 395/പാർട്ട്, 397/പാർട്ട് ഉൾപ്പെട്ട വസ്തുക്കളിൽ നിന്നും 19.40 ആർ പുരയിടമാണ് നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ഏറ്റെടുക്കേണ്ടതായ വസ്തുക്കൾ എല്ലാംതന്നെ സ്വകാര്യ വ്യക്തികളുടേതാണ്.

## 1.4 ബദൽ സാദ്ധ്യതകൾ

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ തൃപ്പാദപുരം ജംഗ്ഷനിൽനിന്ന് റോഡ് തുടങ്ങുന്ന ഭാഗത്ത് തിരിവനന്തപരും കഴക്കൂട്ടം ടെക്നോപാർക്ക് CEO യുടെ ഉടമസ്ഥതയിലുള്ള ഭൂമി ഉൾപ്പെടെ 23 സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കേണ്ടിവരുന്നു. ഒരു വീട് പൂർണ്ണമായും ഒരു വീട് ഭാഗികമായും, 3 വാണിജ്യസ്ഥാപനങ്ങളിൽ 1 പൂർണ്ണമായും 2 എണ്ണം ഭാഗികമായും പൊളിച്ചുമാറ്റേണ്ടതായിവരുന്നു. ഒരു രക്തസ്ക്ഷിമണ്ഡപം, ഒരു വ്യക്തിയുടെ പുരയിടത്തിലെ ഒരു കിണർ, (പൂർണ്ണമായും) നഷ്ടപ്പെടുന്നു. കൂടാതെ റോഡിനിരുവശവു മുള്ള വീടുകളുടെ മുൻവശത്തുള്ള മതിൽ, ഗേറ്റ് എന്നിവയുൾപ്പെടുന്നു. വീട് പൂർണ്ണമായും നഷ്ടപ്പെടുന്ന ഗൃഹനാഥ ഒറ്റയ്ക്ക് താമസിക്കുന്ന വിധവയും, വാർദ്ധക്യസഹജമായ അവശത കളും ഉള്ള ഒരു സ്ത്രീയാണ്. ഭാഗികമായി വീട് നഷ്ടപ്പെടുന്നതിൽ 3 സ്ത്രീകൾ മാത്രമാണ് താമസം. അതിൽ 2 പേർ വാർദ്ധക്യസഹജമായ കാരണങ്ങളാൽ കിടപ്പുരേഗികളാണ്. ഇവ രുടെ പുനരധിവാസത്തിനായി ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പുനരധിവാസം നടത്തു ന്നത് നല്ലതായിരിക്കും. വിവിധ വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് പദ്ധതി നടപ്പാ ക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുകയും, തൊഴിൽപ്രശ്നം ദുഷ്കരമാവുകയും ചെയ്യുന്നു. ഇവരുടെ പുനരധിവാസത്തിനായി സർക്കാരിന്റെ ഏകെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി പുനര ധിവാസം നടത്തുന്നത് നല്ലതായിരിക്കും. ഇപ്പോൾ ഉപയോഗിച്ചുവരുന്ന തൃപ്പാദപുരം അരശും മൂട് റോഡ് വളരെയധികം വീതി കുറഞ്ഞതും തിരക്കേറിയതുമാണ്. കാലപ്പഴക്കംകൊണ്ട് ജീർണ്ണിച്ചതാണ് 2 പാലവും. തിരുവനന്തപുരം നഗരത്തിന്റെ പല പ്രധാന സുപ്രധാന ഭാഗങ്ങളി ലേയ്ക്കും എത്തിച്ചേരുന്നതിന് എളുപ്പമാർഗ്ഗമായി ഉപയോഗിക്കുന്ന റോഡാണിത്. അതി നാൽതന്നെ നിലവിൽ വളരെയധികം ഗതാഗത തടസ്സവും അപകടസാദ്ധ്യതയും ഉള്ള

റോഡാണ് തൃപ്പാദപുരം - അരശുംമൂട് റോഡ് എന്ന് എസ്. ഐ.എ. സ്റ്റഡി ടീം വിശദമായി ചർച്ചചെയ്ത് ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. ഓൺ അലൈൻമെന്റ് അല്ലാതെ വേറെ യാതൊരു അലൈൻമെന്റിലൂടെയും പദ്ധതി നടപ്പിലാക്കാൻ കഴിയില്ല.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠനത്തിന്റെ പ്രധാന ചുമതല എന്നത് പ്രത്യക്ഷമായും പരോക്ഷമായും ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് വളരെ കൃത്യമായി രേഖപ്പെടുത്തി, ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി, സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നടപടികൾ സ്വീകരിക്കുവാനും, അവ നടപ്പിലാക്കുവാനും ഈ പഠനം വളരെ പ്രയോജനപ്രദമാണ്. നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽമൂലം 6 സർവ്വേ നമ്പരിൽപ്പെട്ട 23 വ്യക്തികളെയും നേരിട്ട് ബാധിക്കുന്നു. ഒരു കുടുംബത്തിന്റെ വാസസ്ഥലം, ഒരു വ്യക്തിയുടെ വാണിജ്യസ്ഥാപനം, ഒരു കുടുംബത്തിന്റെ കിണർ എന്നിവ പൂർണ്ണമായും നഷ്ട പ്പെടുന്നു. മറ്റൊരു വ്യക്തിയുടെ 2 വാണിജ്യസ്ഥാപനങ്ങൾ ഭാഗികമായും, നഷ്ടപ്പെടുകയും, കൂടാതെ ഒരു രക്തസാക്ഷിമണ്ഡപം, ഒരു ക്ഷേത്രത്തിന്റെ ചുറ്റുമതിൽ എന്നിവയും പൊളിച്ചുമാറ്റേണ്ടിവരുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാവിധത്തിലുള്ള പ്രത്യാഘാതങ്ങളും എസ്. ഐ.എ യൂണിറ്റ് പഠനവിധേയമാക്കിയിട്ടുണ്ട്.

### 1.6 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠനത്തോടൊപ്പം പ്രത്യാഘാത ലഘൂകരണ നിർദ്ദേശങ്ങൾകൂടി എസ്. ഐ.എ സ്റ്റഡി യൂണിറ്റ് പഠനവിധേയമാക്കി യിട്ടുണ്ട്.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിയോടനുബന്ധിച്ച് വിവിധതരം സാമൂഹ്യ പ്രത്യാഘാതങ്ങളെ പ്രത്യാഘാതത്തിന്റെ തരം, സ്ഥിതിവിവരം, ലഘൂകരണ മാർഗ്ഗങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ച് വിശദമായ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്.

| നമ്പർ | പ്രത്യാഘാത ത്തിന്റെ തരം | സ്ഥിതി വിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഭൂമി നഷ്ടപ്പെടുന്നത് | 23 ഭൂഉടമകളുടെ ഭൂമി പ്രത്യക്ഷമായി നഷ്ടപ്പെടുന്നു | 2013-ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനുമായി അവകാശനിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് |
| 2 | ഉൽപ്പാദനക്ഷമമായ ആസ്തികൾ നഷ്ടപ്പെടുന്നു | മരങ്ങൾ<br>തെങ്ങ് - 20<br>പ്ലാവ് - 3<br>മാവ് - 4<br>ഉദിമരം - 1<br>മഹാഗണി - 1<br>കുരുമുളക് കൊടി - 2 | |
| 3. | പൊതു ഉപയോഗമുതൽ നഷ്ടപ്പെടുന്നത് | വൈവദ്യുതി പോസ്റ്റുകൾ, ജലവിതരണം, ജലസ്രോതസ്സുകൾ, ജലമാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ, ടെലിഫോൺ പോസ്റ്റുകൾ, ബോക്സുകൾ | നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം പുനഃസ്ഥാപനവും നടത്തേണ്ടതാണ്. |
| 4 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെടുന്നത് | മേലത്ത് ഭഗവതി ക്ഷേത്രംവക മതിൽ, ഗേറ്റ് | ക്ഷേത്രക്കമ്മിറ്റിയുമായി കൂടിയാലോചിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണ്. |
| 5 | വാണിജ്യ, തൊഴിൽ സ്ഥാപനങ്ങൾ നഷ്ടപ്പെടുന്നത് | KG സ്റ്റോർ, രക്തസാക്ഷി മണ്ഡപം എന്നിവ പൂർണ്ണമായും, ദേവകൃപ സ്റ്റോർ, മറ്റൊരു ബേക്കറികട എന്നിവ ഭാഗികമായും | 1. TC 98 (2), 738 (1)<br>2. 98/2248 |
| 6 | വാസഗൃഹങ്ങൾ നഷ്ടപ്പെടുന്നത് | ഒന്ന് പൂർണ്ണമായി – T 8043/BL17<br>ഒന്ന് ഭാഗികമായി - T 9491 | ഉടമസ്ഥരുമായി കൂടിയാലോചിച്ച് നടപടികൾ കൈക്കൊള്ളേണ്ടതാണ്. |

## അദ്ധ്യായം - 2

## വിശദമായ പദ്ധതി വിവരണം

### 2.1 പദ്ധതിയുടെ പശ്ചാത്തലം

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് തൊട്ടടുത്ത ജില്ലയായ കൊല്ലത്ത് എത്തിച്ചേരുന്നതിനും യാത്രാസമയം, ദൂരം, ഇന്ധനം എന്നിവ ലാഭിക്കാൻ കഴിയുന്നതും എളുപ്പത്തിൽ എത്തിച്ചേരാവുന്നതുമായ യാത്രാ മാർഗ്ഗമാണ് തൃപ്പാദപുരം അരശുംമൂട് റോഡ്.

### 2.2 പദ്ധതി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നവിധം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ആറ്റിപ്ര വില്ലേജിൽ ആറ്റിപ്ര വാർഡിൽ ഉൾപ്പെട്ട സ്ഥലത്താണ് തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിപ്രദേശം.

സർവ്വേകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതി പ്രായോഗികമാകുന്നതുകൊണ്ട് തദ്ദേശ വാസികൾക്കും മറ്റു യാത്രക്കാർക്കും സുരക്ഷിതമായും, സാമ്പത്തികമായും, സാംസ്കാരികമായും, സാമൂഹ്യപരവുമായുള്ള നേട്ടങ്ങളുണ്ടാകും.

### 2.3 പദ്ധതിയുടെ വലിപ്പം, സ്ഥാനം എന്നിവ

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ആറ്റിപ്ര വില്ലേജിൽ ആറ്റിപ്ര വാർഡിൽ ബ്ലോക്ക് 17-ൽപ്പെട്ട റീസർവ്വേ 340/പാർട്ട്, 343/പാർട്ട്, 346/പാർട്ട്, 394/പാർട്ട്, 395/പാർട്ട്, 397/പാർട്ട് എന്നിവയിൽ ഉൾപ്പെട്ട 19.40 ആർ (47.92 സെന്റ്) ഭൂമിയാണ് ടി പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്നത്.

### 2.4 പദ്ധതിയുടെ ബദൽസാദ്ധ്യതകളെ സംബന്ധിച്ച പഠനം

നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതോടുകൂടി തിരുവനന്തപുരം കോർപ്പറേഷൻ ആറ്റിപ്ര വാർഡിലെ പ്രദേശവാസികളിൽ നിന്നും സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഓൺ അലൈൻമെന്റ് അല്ലാതെ വേറെ യാതൊരു അലൈൻമെന്റിലൂടെയും ഈ പദ്ധതി നടപ്പിലാക്കാൻ കഴിയില്ല.

### 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിക്കായി ആറ്റിപ്ര വില്ലേജിൽ ആറ്റിപ്ര വാർഡിൽ നിന്നും 19.40 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഈ പദ്ധതി നിർവ്വഹണത്തിന്റെ ചുമതല വഹിക്കുന്നത് കളക്ട്രേറ്റിലെ ബഹു: എൽ. എ. എയർപോർട്ട് തഹസീൽദാർ ആണ്. അടിസ്ഥാന സൗകര്യങ്ങളെല്ലാം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം പര്യാപ്തമായ രീതിയിൽ സ്ഥാപിക്കേണ്ടതാണ്.

### 2.6 അനുബന്ധ ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത

പദ്ധതിയുടെ നിർമ്മാണത്തിൽ അനുബന്ധമായി അനുയോജ്യമായ ചില ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്.

കെ. എസ്. ഇ. ബി. ട്രാൻസ്ഫോർമർ, ടെലിഫോൺ പോസ്റ്റുകൾ, വൈദ്യുതി പോസ്റ്റുകൾ, അവയുമായി ബന്ധപ്പെട്ട ബോക്സുകൾ, രക്തസാക്ഷി മണ്ഡപം, സൈൻബോർഡുകൾ എന്നിവ മാറ്റിസ്ഥാപിക്കേണ്ടതാണ്. കൂടാതെ കുടിവെള്ള സ്രോതസ്സ് പുനഃസ്ഥാപിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ സമയബന്ധിതമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയാൽ പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാനും കഴിയും.

## 2.7 തൊഴിലാളികളുടെ ആവശ്യകത

നിർദ്ദിഷ്ട പദ്ധതിയുടെ പ്രാധാന്യം വിലയിരുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനം വേഗത്തിൽ നടത്തുവാൻ വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യത ഉറപ്പാക്കേണ്ടതാണ്. തൊഴിലാളികൾ മുതൽ പദ്ധതി പൂർത്തീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായും മാനവശേഷിയുടെ വിന്യാസവും ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിനുവേണ്ടി അത്യാധുനികമായ ഉപകരണങ്ങളും, വൈദഗ്ധ്യ തൊഴിലാളികളും അത്യന്താപേക്ഷിതമാണ്.

## 2.8 മുൻപ് നടത്തിയ പഠനങ്ങൾ

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻപ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായും പ്രദേശവാസികളുടെ നിസ്സഹകരണം കാരണം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്നും എസ്. ഐ.എ. സ്റ്റഡിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

### 2.9 സംയുക്തമായ നയങ്ങളും നിയമങ്ങളും

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ, സുതാര്യത, പുനരധിവാസം, പുനഃസ്ഥാപനം എന്നീ പ്രക്രിയകളിൽ താഴെപറയുന്ന നിയമങ്ങളും ചട്ടങ്ങളും ബാധകമാകുന്നതാണ്.

1. 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശത്തിനും.
2. 2015-ലെ കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ.
3. 17-10-2015-ലെ 36253 ബി1/2014 ആർ. ഡി. നമ്പർ സർക്കാർ പരിപത്രം.
4. തുടർന്നുള്ള സർക്കക്കാർ വിജ്ഞാപനങ്ങളും, ഉത്തരവുകളും.
5. അതത് കാലത്ത് കോടതികൾ പുറപ്പെടുവിക്കുന്ന വിധിന്യായങ്ങൾ.

## അദ്ധ്യായം - 3

## സംഘാംഗങ്ങൾ, പഠന സമീപനം, പഠനമാർഗ്ഗം

### 3.1 പശ്ചാത്തലം

**തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തോടിന്റെ കൈവഴിയ്ക്ക് കുറുകെയുമുള്ള പാലങ്ങൾ ( 2 പാലം) പുനർനിർമ്മിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മാണത്തിനും വേണ്ടി ഭൂമി ഏറ്റെടുക്കൽ പദ്ധതി.**

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ ഭാഗമായി ബഹു: ജില്ലാഭരണകൂടം 2022 മെയ് 24 ലെ 1679-ാം നമ്പർ അസാധാരണ ഗസറ്റിലൂടെ ഐ. ആർ. ഡി. (ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡവലപ്മെന്റ്) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ കാരണം ആഘാതം നേരിടേണ്ടിവരുന്ന ഭൂഉടമകളുടയെും, കെട്ടിട ഉടമകളുടെയും, കുടുംബങ്ങളുടയെും, കണക്കെടുപ്പ്, സാമൂഹികാഘാതം കണക്കാക്കൽ എന്നിവയാണ് എസ്. ഐ.എ. സ്റ്റഡിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഠനപ്രക്രിയയുടെ ഭാഗമായി പ്രാഥമിക ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥാപിതമായ രീതിയിൽ ശേഖരിച്ചാണ് പഠനപ്രക്രിയ പൂർത്തീകരിച്ചിരിക്കുന്നത്. ഇതിനാവശ്യമായ ചോദ്യാവലി തയ്യാറാക്കി ആഘാതബാധിതരായ വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ എന്നിവ നേരിട്ട് സമീപിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രിതിയാണ് അവലംബിച്ചത്. കൂടാതെ കേന്ദ്രീകൃത സംഘചർച്ചകൾ സംഘടിപ്പിച്ച് (Focal Group Discussion) വിവരങ്ങളും, അഭിപ്രായങ്ങളും ശേഖരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 3.2 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും നിർവ്വഹണപ്ലാൻ തയ്യാറാക്കൽ

ഭൂമിയും വസ്തുവകകളും ഏറ്റെടുക്കേണ്ടിവരുകയും ആയത് ജനങ്ങളുടെ ഭൗതീകവും, സാമ്പത്തികവുമായ സുസ്ഥിരതയ്ക്കും ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന അവസരത്തിൽ സാമൂഹിക പ്രത്യാഘാത പഠനവിലയിരുത്തൽ നടത്തി പുനരധിവാസ കർമ്മ പദ്ധതി ആസൂത്രണം ചെയ്യേണ്ടത് ആവശ്യമാണ്. ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുള്ള അതേ അവസ്ഥയിൽ തന്നെ ആഘാത ബാധിതരായ ജനങ്ങളുടെ ഉപജീവനോപാധികൾ പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതികളാണ് പുനരധിവാസ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടത്. ഇത്തരത്തിലുള്ള ആവശ്യകതകൾ മുന്നിൽകണ്ടാണ് സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തിയത്. പ്രധാനമായും നടത്തിയ മുന്നൊരുക്കങ്ങൾ താഴെ പറയുന്നവയാണ്.

- ❖ പദ്ധതിയുടെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെ സംബന്ധിച്ച വിവരശേഖരണം.
- ❖ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ആഘാതബാധിതർ, പൊതുപ്രവർത്തകർ, പൊതുജനങ്ങൾ എന്നിവരുമായുള്ള ചർച്ചകളും, ആശയ വിനിമയങ്ങളും.
- ❖ 2013-ൽ നിലവിൽ വന്ന ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, അനുബന്ധ ചട്ടങ്ങളും വായിച്ചു മനസ്സിലാക്കുക.
- ❖ വ്യത്യസ്ത തലങ്ങളിൽ നിന്നുമുള്ള ദ്വിതീയ വിവരശേഖരണം.
- ❖ അനുയോജ്യമായ വിവരങ്ങളും, പ്രമാണങ്ങളും, റിപ്പോർട്ടുകളും പഠനവിധേയമാക്കൽ.
- ❖ തിരുവനന്തപുരം കളക്ട്രേറ്റിലെ ബഹു: സ്പെഷ്യൽ തഹസീൽദാർ, അഡിഷണൽ എൽ. എ. യൂണിറ്റിന്റെയും അനുബന്ധ ഉദ്യോഗസ്ഥരുടെയും എസ്. ഐ.എ. സ്റ്റഡി ടീമിന്റെയും കൂട്ടായ്മയോടുകൂടിയുള്ള പദ്ധതി പ്രദേശ സന്ദർശനം.
- ❖ പദ്ധതി പ്രദേശ സന്ദർശനവും പൊതുജനങ്ങളുമായും, ജനപ്രതിനിധികളുമായും, പ്രദേശത്തെ സാമൂഹിക സാംസ്ക്കാരിക പ്രവർത്തകരുമായുള്ള ആശയവിനിമയം.
- ❖ ആഘാതബാധിതരായ വ്യക്തികളുടയെും, കുടുംബങ്ങളുടയെും, വസ്തുവകകളുടെയും കണക്കെടുപ്പും വിവരശേഖരണവും.
- ❖ സാമൂഹിക-സാമ്പത്തിക സ്ഥിതിവിവരങ്ങളുടെ വിശകലനം.

- ❖ പദ്ധതി പ്രദേശത്തെ ആഘാതബാധിതരായ ജനങ്ങളുമായുള്ള ചർച്ചയും അഭിപ്രായ സ്വരൂപണങ്ങളും.
- ❖ പദ്ധതി പ്രദേശത്തെ പൊതുജനങ്ങളുമായുള്ള അഭിമുഖങ്ങളും ചർച്ചയും.
- ❖ സാമൂഹ്യപ്രത്യാഘാത പഠനവിലയിരുത്തൽ റിപ്പോർട്ടിന്റെ കരടുരൂപം തയ്യാറാക്കലും, പ്രസിദ്ധീകരണവും.

### 3.3 എസ്. ഐ. എ. സ്റ്റഡി ടീം

എസ്. ഐ. എ. സ്റ്റഡി ടീം ലീഡറായ ശ്രീമതി. ദീപാകുമാരി എസ്. എസ്. നേതൃത്വം വഹിക്കുന്ന സ്റ്റഡി ടീം സെൻസസ് രീതിയിലുള്ള സർവ്വെയിലൂടെ വിവരശേഖരണം, ഏകോപനം എന്നിവ നടത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീമതി. ദീപ കുമാരി കഴിഞ്ഞ 25 വർഷത്തിലധികമായി സാമൂഹിക പ്രവർത്തന രംഗത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഐ. ആർ. ഡി. എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് ഡയറക്ടർ ശ്രീ. സി. ബാലചന്ദ്രനാണ് സംഘത്തെ നയിക്കുന്നത്.

| പേര് | പ്രൊഫൈൽ | നിയോഗിച്ചിട്ടുള്ള ചുമതലകൾ |
|---|---|---|
| സി. ബാലചന്ദ്രൻ | പ്രോജക്ട് ഡയറക്ടർ | പദ്ധതി തയ്യാറാക്കൽ, ജനറൽ സൂപ്പർവിഷൻ |
| | പ്രോജക്ട് മാനേജർ | കരട് റിപ്പോർട്ട്, വെബ്സൈറ്റ് പ്രസിദ്ധി കരിക്കൽ |
| ദീപാകുമാരി എസ്. എസ് | | സാമൂഹ്യ പ്രത്യാഘാത പഠനറിപ്പോർട്ട് തയ്യാറാക്കൽ, കളക്ട്രേറ്റിൽനിന്നും ബന്ധപ്പെട്ട വിവിധ ഡിപ്പാർട്ട്മെന്റുക ളിൽ നിന്നും ആധികാരിക രേഖകൾ ശേഖരിക്കൽ |
| . ആനന്ദ് മോഹൻ<br>ഡോ. അരുൺ | പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ | പ്രാഥമിക വിവരശേഖരണവും ക്രോഡീ കരണവും, പൊതുജന സമ്പർക്ക യോഗ റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ |
| ശൈലജ കുമാരി . എസ് | | ഡോക്യുമെന്റേഷൻ |

### 3.4 ദ്വിതീയ വിവരശേഖരണം

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതി

ക്കായി ഏറ്റെടുക്കേണ്ട ഭൂമിയിലെ ആൾക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തലിനായി വ്യത്യസ്തങ്ങളായ ദ്വിതീയ വിവരങ്ങൾ ഓരോ വ്യക്തി കളിൽനിന്നും ശേഖരിക്കുകയും, പഠന വിധേയമാക്കുകയും, പ്രസക്തമായ കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങൾ പ്രാദേ ശിക തലത്തിൽ പലപ്രാവശ്യം ചർച്ചചെയ്യുകയും ആഘാത ബാധിതരായവരിൽ നിന്നും ശേഖ രിച്ച പ്രാഥമിക വിവരങ്ങളുമായി ഒത്തുനോക്കുകയും പരസ്പര പൂരകങ്ങലാണെന്നു ബാധ്യപ്പെ ടുകയും ചെയ്തിട്ടുള്ളതാണ്. ആഘാതബാധിതമായ പ്രദേശത്തെ ഭൗതീക, സാമൂഹ്യ, സാമ്പ ത്തിക, സാംസ്ക്കാരിക സ്ഥിതിയെക്കുറിച്ച് വ്യക്തമായ മുന്നറിവ് നൽകുന്നതായിരുന്നു ലഭ്യ മായ ദ്വീതീയ വിവരങ്ങൾ.

### 3.5 പദ്ധതിപ്രദേശ സന്ദർശനവും വിവരണങ്ങൾ നൽകലും

വിശദമായ സാമൂഹ്യ പ്രത്യാഘാതപഠന വിലയിരുത്തൽ നൽകുന്നതിനു മുന്നോടിയായി പദ്ധതി പ്രദേശം സന്ദർശിക്കുകയും പ്രാരംഭമായി സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങളുടെ മാതൃക ശേഖരിക്കുകയും ചെയ്തു. മാതൃകാസ്ഥിതിവിവര ശേഖരണത്തിൽ ഏതാനും പേരിൽ നിന്നുമായി വിവരങ്ങൾ ശേഖരിക്കുകയും, അവരുടെ പ്രതികരണം ആരായുകയും ചെയ്തു. ലഭ്യമായ പ്രതികരണങ്ങളുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിൽ ചോദ്യാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പൂർണ്ണമായ തോതിൽ ഉള്ള വിവരശേഖരണം നടത്തുകയും ചെയ്തു.

പദ്ധതി പ്രദേശവും ആഘാതബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും നേരിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 2022 ആഗസ്റ്റ് മാസം 12-ാം തീയതി അന്തിമമായി പ്രാഥ മിക വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും നേരിട്ട് ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ ക്രോഡീ കരിച്ച് സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## 3.6 സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവരശേഖരണം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ആറ്റിപ്ര വില്ലേജിലെ ബ്ലോക്ക് 17 ആറ്റിപ്ര വില്ലേജ് ഓഫിസിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. എസ്. ഐ. എ. സ്റ്റഡി

ടീമിൽ നിന്നും പ്രാഥമിക പ്രവർത്തനങ്ങൾനടത്തിയ ടീം അംഗത്തിന്റെ അകാല വിയോഗഎ കാരണം കുറച്ചു തടസ്സങ്ങൾ നേരിട്ടുവെങ്കിലും അധികം വൈകാതെ തന്നെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സാധിച്ചു.

### 3.7 സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും

പദ്ധതി പ്രദേശത്ത് നിന്നും ശേഖരിച്ച സ്ഥിതിവിവരങ്ങൾ തരംതിരിച്ച് ആവശ്യമായ പരി ശോധനകൾ നടത്തുകയും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു.

### 3.8 സ്ഥിതിവിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

ശേഖരിച്ച മുഴുവൻ സ്ഥിതി വിവരങ്ങളും വ്യത്യസ്ഥ മാനദണ്ഡങ്ങളുടെ അടിസ്ഥാന ത്തിൽ വിശകലനം ചെയ്തു. അവ സാമൂഹ്യ പ്രത്യാഘാത പഠന വിശകലന റിപ്പോർട്ട് തയ്യാ റാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്തു.

പ്രസ്തുത ഗുണഭോക്താക്കളിൽ വിശദവിവരങ്ങൾ നൽകുന്നതിന് വിമുഖത കാണിച്ചി ട്ടുള്ള ജയരാജൻ, മായാദേവി എന്നിവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് കഴിഞ്ഞില്ല. ഏങ്കിലും ബന്ധപ്പെട്ടവരുമായി (പഴയ വാർഡ് കൗൺസിലർ, പുതിയ വാർഡ് കൗൺസിലർ, എം. എൽ. എ. യുടെ PA) സംസാരിച്ച് തെറ്റിയാർ തോടിന് കുറുകെയുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിയെക്കുറിച്ച് ധരിപ്പിച്ചിട്ടുണ്ട്.

# അദ്ധ്യായം - 4

# ഭൂമി നിർണ്ണയം

**ആമുഖം**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൃപ്പാദപുരം ജംഗ്ഷനിൽ തുടങ്ങി തൃപ്പാദപുരം അരശുംമൂട് റോഡിൽ പദ്ധതിപ്രദേശം സ്ഥിതി ചെയ്യുന്നു തിരുവനന്തപുരം കോർപ്പറേഷൻ ആറ്റിപ്ര വില്ലേജിൽ, ആറ്റിപ്ര വാർഡിൽ ബ്ലോക്ക് 17-ൽ , റീസർവ്വേ 340/പാർട്ട്, 343/പാർട്ട്, 346/പാർട്ട്, 394/പാർട്ട്, 395/പാർട്ട്, 397/പാർട്ട് എന്നിവയിൽ ഉൾപ്പെട്ട 19.40 ആർ (47.92 സെന്റ്) ഭൂമിയാണ് തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തോടിന്റെ കൈവഴിയ്ക്ക് കുറുകെയുമുള്ള പാലങ്ങൾ (2 പാലം) പുനർനിർമ്മിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മാണത്തിനും വേണ്ടി ഏറ്റെടുക്കേണ്ടതായി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ശ്രീകാര്യം-കഴക്കൂട്ടം റോഡിൽ, കാര്യവട്ടം കാമ്പസ് ജംഗ്ഷനിൽ നിന്നും ഇടതുവശം സി. എസ്. ഐ. ചർച്ച് റോഡിൽ രണ്ടര കിലോമീറ്റർ മാറി തൃപ്പാദപുരം ജംഗ്ഷൻ സ്ഥിതിചെയ്യുന്നു. തൃപ്പാദപുരം ജംഗ്ഷനിൽ നിന്നുമുള്ള റോഡിന് ഇരുവശവും ഉള്ള പ്രദേശവും, തെറ്റിയാർ തോടിന് കുറുകെയുള്ള ആദ്യത്തെ വലിയ പാലവും, തെറ്റിയാർ തോടിന്റെ കൈവഴിക്ക് കുറുകെയുള്ള രണ്ടാമത്തെ ചെറിയ പാലവും ഉൾപ്പെടുന്ന റോഡ് അരശുംമൂട് ജംഗ്ഷനുമുമ്പ് തിപ്പെട്ടി ശാസ്താ ക്ഷേത്രത്തിനുമുമ്പുള്ള KSEB ട്രാൻസ്ഫോർമർ വരെയുള്ള സ്ഥലമാണ് പദ്ധതി പ്രദേശം.

തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം - കഴക്കൂട്ടം റോഡിൽ കാര്യവട്ടം ക്യാമ്പസ് ജംഗ്ഷനിൽ നിന്നും 2.5 കി. മി. അകലത്തിൽ സ്ഥിതിചെയ്യുന്ന തൃപ്പാദപുരം എലൈറ്റ് ജംഗ്ഷൻ അഥവാ ചമ്പീടുംകുഴി ജംഗ്ഷനിൽ നിന്നും 2.5 കി. മീറ്റർ യാത്ര ചെയ്താൽ കാര്യവട്ടം കാമ്പസ് ജംഗ്ഷനിൽ എത്തി കഴക്കൂട്ടം ഭാഗത്തേക്കും, തൃപ്പാദപുരം എലൈറ്റ് ജംഗ്ഷൻ അഥവാ ചമ്പീടുംകുഴി ജംഗ്ഷനിൽ നിന്നും കല്ലിംഗൽ ജംഗ്ഷൻ വലതുവശം ആറ്റിൻകുഴി ഭാഗത്തേക്ക് എത്തിയാൽ 2 കി. മി. അകലത്തിൽ കഴക്കൂട്ടം - കാരോട് ബൈപ്പാസ് റോഡിന്റെ ആറ്റിൻകുഴി ഭാഗത്ത് എളുപ്പമാർഗ്ഗം എത്തിച്ചേരാവുന്നതാണ്. തൃപ്പാദപുരം അരശുംമൂട്

റോഡിൽ അരശുംമൂട് ജംഗ്ഷനിൽ നിന്നും നേരെ കുളത്തൂർ വഴിയും ബൈപ്പാസ് റോഡിൽ പ്രവേശിക്കാവുന്നതാണ്. അരശുംമൂട് റോഡിൽ അരശുംമൂട് ജംഗ്ഷനിൽ നിന്നും ഇടത്തേക്ക് 3 കി. മി. യാത്രചെയ്താൽ തിരുവനന്തപുരം റോഡിൽ ശ്രീകാര്യത്തിന് തൊട്ടുമുമ്പുള്ള ചാവടി മുക്ക് ജംഗ്ഷനിൽ എളുപ്പമാർഗ്ഗം എത്തിച്ചേരാവുന്നതാണ്. ചാവടിമുക്ക് - കാര്യവട്ടം - കഴ ക്കൂട്ടം - കാരോട് ബൈപ്പാസ് എന്നിവയെ എളുപ്പമാർഗ്ഗം എത്തിച്ചേരുന്നതിന് കൂട്ടിയിണക്കുന്ന കണ്ണിയായാണ് തൃപ്പാദപുരം - അരശുംമൂട് റോഡ് നിലകൊള്ളുന്നത്.

ഇന്ത്യയിലെതന്നെ പ്രശസ്തമായതും വളരെയധികം ഉദ്യോഗസ്ഥരെ ഉൾക്കൊള്ളുന്നതുമായ ഐ. ടി. പാർക്ക് സമുച്ചയങ്ങൾ സ്ഥിതിചെയ്യുന്നത് തിരു: കഴക്കൂട്ടം, ടെക്നോപാർക്ക് പദ്ധതി പ്രദേശത്തിന് സമീപത്താണ്. വളരെയധികം കെട്ടിട സമുച്ചയങ്ങളും, വ്യാപാര വ്യവസായ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ലയിലെ ഏറ്റവുമധികം തിരക്കേറിയ കഴ ക്കൂട്ടം-കാരോട് ബൈപ്പാസ് (NH-47) റോഡ്, തിരുവനന്തപുരം കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ് എന്നിവ പദ്ധതി പ്രദേശത്തിന് ചുറ്റുമായി നിലകൊള്ളുന്നു. അതുകൊണ്ടുതന്നെ തിരുവനന്തപുരം ചാവടിമുക്ക്വഴി അരശുംമൂട് തൃപ്പാദപുരം, അരശുംമൂട് കുളത്തൂർ - അര ശുംമൂട് തൃപ്പാദപുരം കാര്യവട്ടത്തേക്കും, ബൈപാസ് റോഡ്വഴി ടെക്നോപാർക്കിലേക്കും എത്തിച്ചേരുന്നതിന് എളുപ്പമാർഗ്ഗം ഉപയോഗിച്ചുവരുന്ന റോഡാണ് തൃപ്പാദപുരം അരശുംമൂട് റോഡ്. തദ്ദേശ സ്ഥലവാസികൾ അല്ലാതെയുള്ള പാർക്കിലേക്കും കോളേജിലേക്കും, സ്ക്കൂളുക ളിലേയ്ക്കുമുള്ള നിരവധി വാഹനങ്ങൾ കടന്നുപോകുന്ന റോഡാണ് തൃപ്പാദപുരം അരശുംമൂട് റോഡ്. വളരെ ഇടുങ്ങിയതും, അപകടം പതിയിരിക്കുന്ന വളവുകളും, കാലപ്പഴക്കംചെന്ന 2 പാലങ്ങളും ഉൾപ്പെട്ടതും, വളരെയധികം അപകടസാധ്യതയുമുള്ള റോഡാണിത്. ഏതെങ്കിലു മൊരു വാഹനം ബ്ലോക്കായാൽ മണിക്കൂറുകളോളം ശ്രമിച്ചാലും കാൽനടയാത്ര ക്കാർക്കുപോലും മുന്നിലേക്കോ പിന്നിലേക്കോ പോകാനാകാത്തവിധം വാഹനങ്ങളും, യാത്ര ക്കാരും സ്ഥിരമായി അകപ്പെട്ടുപോകാറുള്ള റോഡാണ് തൃപ്പാദപുരം അരശുംമൂട് റോഡ്.

പദ്ധതി പ്രദേശത്തു സ്ഥിതിചെയ്യുന്ന തെറ്റിയാർ തോട് തിരുവനന്തപുരം ചെമ്പഴന്തി അണി യൂർ നിന്നും ചെറിയ ചെറിയ കൈവഴികളായിതുടങ്ങി തെറ്റിയാർ ചേർന്ന് 5 കി. മി. മാറി ആക്കുളം വേളി കായലിൽ ചെന്നുചേരുന്നു. തെറ്റിയാർ തോടിന് കുറുകെയുള്ള പാലത്തിന് 65 വർഷത്തെ കാലപ്പഴക്കം ഉള്ളതും വർഷകാലത്ത് വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്ന പ്രദേ

ശവുമാണ്. തെറ്റിയാർ തോടിന്റെ കൈവഴി തിരുവനന്തപുരം കഴക്കൂട്ടം ടെക്നോപാർക്കിനു സമീപത്തുനിന്നും തുടങ്ങി തെറ്റിയാർ വന്നുചേരുകയും കുറച്ചകലെ പലകൈവഴികളിലായി പിരിഞ്ഞുപോകുകയും ചെയ്യുന്നു. തെറ്റിയാർ തോടിന്റെ കൈവഴിക്ക് കുറുകെയുള്ള പാല ത്തിന് തെറ്റിയാർ തോടിന് കുറുകെയുള്ള പാലത്തിന്റെ അത്രയും കാലപ്പഴക്കം ഉള്ളതായി കണക്കാക്കുന്നു. കാലപ്പഴക്കംചെന്ന രണ്ട് പാലങ്ങളും തിക്കുംതിരക്കും ഇടുങ്ങിയതുമായ റോഡും ചേർന്നതാണ് പദ്ധതിപ്രദേശം. ആയതിനാൽ പ്രദേശത്തെ ഈ തിക്കുംതിരക്കും കുറ ക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും ഈ പദ്ധതി വളരെ അനിവാര്യമാണ്. ഈ പ്രദേശത്തിന്റെ ആകെ പുരോഗതിക്കും, വികസനത്തിനും, പൊതുജന സുരക്ഷയ്ക്കും പ്രസ്തുത പദ്ധതി അത്യന്താപേക്ഷിതമാണ്.

#### 4.1 പദ്ധതിമൂലമുണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം

പദ്ധതിക്കായി മൊത്തം 19.40 ആർ (47.92 സെന്റ്) ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഇതിൽ 23 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി നട പ്പിൽ വരുന്നതിലൂടെ 3 വാണിജ്യസാഥാപനങ്ങൾ (പൂർണ്ണമായും), 2 എണ്ണം (ഭാഗികമായും) ജല സ്രോതസ്സുകൾ, ഒരു വീട് പൂർണ്ണമായും, ഒരു വീട് ഭാഗികമായും, ഒരു കിണർ പൂർണ്ണമായും ആഘാതമേൽക്കുന്നു.

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഉണ്ടാകാവുന്ന സാമൂഹിക പ്രത്യാഘാത ത്തിന്റെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| No. | Use of Land | Count | Percentage |
|---|---|---|---|
| 1 | Residential | 14 | |
| 2 | Road | 1 | |
| 3 | Commercial | 3 | |
| 4 | Vacant Plot | 9 | |
| 5 | Bridges | 2 | |
| 6 | Temple Premises | 1 | |



4.2 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ രൂപരേഖ



N
THETTIYAR THODU
PATH
THETTIYAR THODU TRIBUTARY
Tar road
PATH
LAND TO BE ACQUIRED
KERALA PUBLIC WORKS DEPARTMENT
Name of work : - RECONSTRUCTION OF BRIDGES ( 2 Nos ) ATTIPRA ACROSS
THETTIYAR THODU & TRIBUTARY IN KAZHAKUTTOM
CONSTITUENCY - THIRUVANANTHAPURAM- DISTRICT
PROPOSED AREA FOR LAND ACQUISITION
ASSISTANT ENGINEER
BRIDGES SECTION No.I
ASST.EXE. ENGINEER
BRIDGES SUB DIVISION
EXECUTIVE ENGINEER
BRIDGES DIVISION
EXECUTIVE ENGINEER
PWD Bridges Division
Thiruvananthapuram

### 4.3 നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമി

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ആറ്റിപ്ര വില്ലേജിലെ ബ്ലോക്ക് 17-ൽപ്പെട്ട 19.40 ആർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. പദ്ധതി പ്രദേശത്ത് മുഴുവൻ ഭൂമിയും സ്വകാര്യ വ്യക്തികളുടേതാണ്.

| Land Ownership | Count | Percentage |
|---|---|---|
| Private | 22 | |
| Technopark | 2 | |
| Temple Premises | 1 | |




### 4.4 പൊതു സ്ഥലത്തിന്റെ ഉപയോഗം

പൊതുസ്ഥലം ഉപയോഗിക്കുന്നില്ല

### 4.5. നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുത്ത ഭൂമി

. നിർദ്ദിഷ്ട പദ്ധതിക്കായി നിലവിൽ ഭൂമി ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

### 4.6 ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവുസംബന്ധിച്ച വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്കായി ആറ്റിപ്ര വില്ലേജിലെ ബ്ലോക്ക് 17-ൽപ്പെട്ട 19.40 ആർ പുരയിടമാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഭൂരിഭാഗവും സ്വകാര്യ ഉടമകളുടെയും ടെക്നോപാർക്കിന്റെയും ഉട മസ്ഥതയിലുള്ള 2 സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

ഏറ്റെടുക്കുന്ന കരപ്രദേശം സ്വകാര്യ വ്യക്തികളുടേതാണ്. അതിൽ ഉൾപ്പെടുന്ന വാസഗൃഹ ങ്ങൾ, മരങ്ങൾ എന്നിവയെ പദ്ധതി ബാധിക്കുന്നുണ്ട്. തരംതിരിച്ചുള്ള വിവരങ്ങൾ അനുബന്ധ ത്തിൽ ചേർക്കുന്നു.

| ക്രമന മ്പർ | കൈവശക്കാരന്റെ പേര് | മരങ്ങളുടെ എണ്ണം |
|---|---|---|
| 1 | സെലിൻ ഗാഡ്‌വിൻറസ്സൽ | തെങ്ങ് - 2, പ്ലാവ് - 1, മാവ് - 3, കുരുമുളക് കൊടി - 2, ഉദിമരം - 1 |
| 2 | ലീലാവതി അമ്മ | തെങ്ങ് - 2 |
| 3 | മഹേഷ്കുമാർ | തെങ്ങ് - 4, , പ്ലാവ് - 2 |
| 4 | ധന്യ ആർ. കുമാർ | തെങ്ങ് - 2 |
| 5 | കൃഷ്ണൻനായർ<br>മേലത്ത് ഭഗവതി ക്ഷേത്രം | തെങ്ങ് - 2 |
| 6 | മായാദേവി | തെങ്ങ് - 2 |
| 7 | രമാദേവി | തെങ്ങ് - 6 |
| 8 | രാജേന്ദ്രൻ | മാവ് - 1 |
| 9 | പ്രഭാകരൻ | മഹാഗണി - 1 |
| | **ആകെ** | **തെങ്ങ് - 20**<br>**പ്ലാവ് - 3**<br>**മാവ് - 4**<br>**ഉദിമരം - 1**<br>**മഹാഗണി - 1**<br>**കുരുമുളക് കൊടി - 2** |

### 4.7 മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ

വിവരദാതാക്കളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തെ ഭൂഉടമകളിൽ ഭൂരിഭാഗവും പാരമ്പര്യമായി കൈമാറ്റം ചെയ്ത ഭൂമി കൈവശ അവകാശമായി അനുഭവിച്ചു വരുന്നവരാണ്.

## അദ്ധ്യായം - 5

## മൂല്യ നിർണ്ണയവും വിശകലനവും

### 5.1 ആമുഖം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ തൃപ്പാദപുരം ജംഗ്ഷനിൽ തുടങ്ങി തൃപ്പാദപുരം അരശുംമൂട് റോഡിൽ പദ്ധതിപ്രദേശം സ്ഥിതി ചെയ്യുന്നു തിരുവനന്തപുരം കോർപ്പറേഷൻ ആറ്റിപ്ര വില്ലേജിൽ, ആറ്റിപ്ര വാർഡിൽ ബ്ലോക്ക് 17-ൽ , റീസർവ്വേ 340/പാർട്ട്, 343/പാർട്ട്, 346/പാർട്ട്, 394/പാർട്ട്, 395/പാർട്ട്, 397/പാർട്ട് എന്നിവയിൽ ഉൾപ്പെട്ട 19.40 ആർ (47.92 സെന്റ്) ഭൂമിയാണ് തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തോടിന്റെ കൈവഴിയ്ക്ക് കുറുകെയുമുള്ള പാലങ്ങൾ (2 പാലം) പുനർനിർമ്മിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മാണത്തിനും വേണ്ടി ഏറ്റെടുക്കേണ്ടതായി വരുന്നു.

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ശ്രീകാര്യം-കഴക്കൂട്ടം റോഡിൽ, കാര്യവട്ടം കാമ്പസ് ജംഗ്ഷനിൽ നിന്നും ഇടതുവശം സി. എസ്. ഐ. ചർച്ച് റോഡിൽ രണ്ടര കിലോമീറ്റർ മാറി തൃപ്പാദപുരം ജംഗ്ഷൻ സ്ഥിതിചെയ്യുന്നു. തൃപ്പാദപുരം ജംഗ്ഷനിൽ നിന്നുമുള്ള റോഡിന് ഇരുവശവും ഉള്ള പ്രദേശവും, തെറ്റിയാർ തോടിന് കുറുകെയുള്ള ആദ്യത്തെ വലിയ പാലവും, തെറ്റിയാർ തോടിന്റെ കൈവഴിക്ക് കുറുകെയുള്ള രണ്ടാമത്തെ ചെറിയ പാലവും ഉൾപ്പെടുന്ന റോഡ് അരശുംമൂട് ജംഗ്ഷനുമുമ്പ് തിപ്പെട്ടി ശാസ്താ ക്ഷേത്രത്തിനുമുമ്പുള്ള KSEB ട്രാൻസ്ഫോർമർ വരെയുള്ള സ്ഥലമാണ് പദ്ധതി പ്രദേശം.

തിരുവനന്തപുരം ജില്ലയിൽ ശ്രീകാര്യം - കഴക്കൂട്ടം റോഡിൽ കാര്യവട്ടം ക്യാമ്പസ് ജംഗ്ഷനിൽ നിന്നും 2.5 കി. മി. അകലത്തിൽ സ്ഥിതിചെയ്യുന്ന തൃപ്പാദപുരം എലൈറ്റ് ജംഗ്ഷൻ അഥവാ ചമ്പീടുംകുഴി ജംഗ്ഷനിൽ നിന്നും 2.5 കി. മീറ്റർ യാത്ര ചെയ്താൽ കാര്യവട്ടം കാമ്പസ് ജംഗ്ഷനിൽ എത്തി കഴക്കൂട്ടം ഭാഗത്തേക്കും, തൃപ്പാദപുരം എലൈറ്റ് ജംഗ്ഷൻ അഥവാ ചമ്പീടുംകുഴി ജംഗ്ഷനിൽ നിന്നും കല്ലിംഗൽ ജംഗ്ഷൻ വലതുവശം ആറ്റിൻകുഴി ഭാഗത്തേക്ക് എത്തിയാൽ 2 കി. മി. അകലത്തിൽ കഴക്കൂട്ടം - കാരോട് ബൈപ്പാസ് റോഡിന്റെ

ആറ്റിൻകുഴി ഭാഗത്ത് എളുപ്പമാർഗ്ഗം എത്തിച്ചേരാവുന്നതാണ്. തൃപ്പാദപുരം അരശുംമൂട് റോഡിൽ അരശുംമൂട് ജംഗ്ഷനിൽ നിന്നും നേരെ കുളത്തൂർ വഴിയും ബൈപ്പാസ് റോഡിൽ പ്രവേശിക്കാവുന്നതാണ്. അരശുംമൂട് റോഡിൽ അരശുംമൂട് ജംഗ്ഷനിൽ നിന്നും ഇടത്തേക്ക് 3 കി. മി. യാത്രചെയ്താൽ തിരുവനന്തപുരം റോഡിൽ ശ്രീകാര്യത്തിന് തൊട്ടുമുമ്പുള്ള ചാവടി മുക്ക് ജംഗ്ഷനിൽ എളുപ്പമാർഗ്ഗം എത്തിച്ചേരാവുന്നതാണ്. ചാവടിമുക്ക് - കാര്യവട്ടം - കഴക്കൂട്ടം - കാരോട് ബൈപ്പാസ് എന്നിവയെ എളുപ്പമാർഗ്ഗം എത്തിച്ചേരുന്നതിന് കൂട്ടിയിണക്കുന്ന കണ്ണിയായാണ് തൃപ്പാദപുരം - അരശുംമൂട് റോഡ് നിലകൊള്ളുന്നത്.

ഇന്ത്യയിലെതന്നെ പ്രശസ്തമായതും വളരെയധികം ഉദ്യോഗസ്ഥരെ ഉൾക്കൊള്ളുന്നതുമായ ഐ. ടി. പാർക്ക് സമുച്ചയങ്ങൾ സ്ഥിതിചെയ്യുന്നത് തിരു: കഴക്കൂട്ടം, ടെക്നോപാർക്ക് പദ്ധതി പ്രദേശത്തിന് സമീപത്താണ്. വളരെയധികം കെട്ടിട സമുച്ചയങ്ങളും, വ്യാപാര വ്യവസായ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ലയിലെ ഏറ്റവുമധികം തിരക്കേറിയ കഴക്കൂട്ടം-കാരോട് ബൈപ്പാസ് (NH-47) റോഡ്, തിരുവനന്തപുരം കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ് എന്നിവ പദ്ധതി പ്രദേശത്തിന് ചുറ്റുമായി നിലകൊള്ളുന്നു. അതുകൊണ്ടുതന്നെ തിരുവനന്തപുരം ചാവടിമുക്ക്വഴി അരശുംമൂട് തൃപ്പാദപുരം, അരശുംമൂട് കുളത്തൂർ - അരശുംമൂട് തൃപ്പാദപുരം കാര്യവട്ടത്തേക്കും, ബൈപാസ് റോഡ്വഴി ടെക്നോപാർക്കിലേക്കും എത്തിച്ചേരുന്നതിന് എളുപ്പമാർഗ്ഗം ഉപയോഗിച്ചുവരുന്ന റോഡാണ് തൃപ്പാദപുരം അരശുംമൂട് റോഡ്. തദ്ദേശ സ്ഥലവാസികൾ അല്ലാതെയുള്ള പാർക്കിലേക്കും കോളേജിലേക്കും, സ്ക്കൂളുകളിലേയ്ക്കുമുള്ള നിരവധി വാഹനങ്ങൾ കടന്നുപോകുന്ന റോഡാണ് തൃപ്പാദപുരം അരശുംമൂട് റോഡ്. വളരെ ഇടുങ്ങിയതും, അപകടം പതിയിരിക്കുന്ന വളവുകളും, കാലപ്പഴക്കംചെന്ന 2 പാലങ്ങളും ഉൾപ്പെട്ടതും, വളരെയധികം അപകടസാധ്യതയുമുള്ള റോഡാണിത്. ഏതെങ്കിലുമൊരു വാഹനം ബ്ലോക്കായാൽ മണിക്കൂറുകളോളം ശ്രമിച്ചാലും കാൽനടയാത്രക്കാർക്കുപോലും മുന്നിലേക്കോ പിന്നിലേക്കോ പോകാനാകാത്തവിധം വാഹനങ്ങളും, യാത്രക്കാരും സ്ഥിരമായി അകപ്പെട്ടുപോകാറുള്ള റോഡാണ് തൃപ്പാദപുരം അരശുംമൂട് റോഡ്.

പദ്ധതി പ്രദേശത്തു സ്ഥിതിചെയ്യുന്ന തെറ്റിയാർ തോട് തിരുവനന്തപുരം ചെമ്പഴന്തി അണിയൂർ നിന്നും ചെറിയ ചെറിയ കൈവഴികളായിതുടങ്ങി തെറ്റിയാർ ചേർന്ന് 5 കി. മി. മാറി ആക്കുളം വേളി കായലിൽ ചെന്നുചേരുന്നു. തെറ്റിയാർ തോടിന് കുറുകെയുള്ള പാലത്തിന് 65

വർഷത്തെ കാലപ്പഴക്കം ഉള്ളതും വർഷകാലത്ത് വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്ന പ്രദേശവുമാണ്. തെറ്റിയാർ തോടിന്റെ കൈവഴി തിരുവനന്തപുരം കഴക്കൂട്ടം ടെക്നോപാർക്കിനു സമീപത്തുനിന്നും തുടങ്ങി തെറ്റിയാർ വന്നുചേരുകയും കുറച്ചകലെ പലകൈവഴികളിലായി പിരിഞ്ഞുപോകുകയും ചെയ്യുന്നു. തെറ്റിയാർ തോടിന്റെ കൈവഴിക്ക് കുറുകെയുള്ള പാലത്തിന് തെറ്റിയാർ തോടിന് കുറുകെയുള്ള പാലത്തിന്റെ അത്രയും കാലപ്പഴക്കം ഉള്ളതായി കണക്കാക്കുന്നു. കാലപ്പഴക്കംചെന്ന രണ്ട് പാലങ്ങളും തിക്കുംതിരക്കും ഇടുങ്ങിയതുമായ റോഡും ചേർന്നതാണ് പദ്ധതിപ്രദേശം. ആയതിനാൽ പ്രദേശത്തെ ഈ തിക്കുംതിരക്കും കുറക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും ഈ പദ്ധതി വളരെ അനിവാര്യമാണ്. ഈ പ്രദേശത്തിന്റെ ആകെ പുരോഗതിക്കും, വികസനത്തിനും, പൊതുജന സുരക്ഷയ്ക്കും പ്രസ്തുത പദ്ധതി അത്യന്താപേക്ഷിതമാണ്.

### 5.2 പദ്ധതിമൂലം പ്രത്യക്ഷമായി ബാധിക്കപ്പെടുന്നത്

പദ്ധതി നടപ്പിലാക്കുന്നതോടുകൂടി 23 കുടുംബങ്ങളെ പ്രത്യക്ഷമായി ബാധിക്കുന്നു. 3 വ്യവസായ സ്ഥാപനങ്ങളിൽ 1 പൂർണ്ണമായും 2 ഭാഗികതമായും നഷ്ടപ്പെടുന്നു. ടെക്നോപാർക്കിന്റെ ഉടമസ്ഥതയിലുള്ള 2 വസ്തുക്കളെ ഭാഗികമായി ബാധിക്കുന്നു.

### 5.3 പരോക്ഷമായി ബാധിക്കപ്പെടുന്നത്

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ പ്രത്യാഘാതം പരോക്ഷമായി ബാധിക്കുന്നത് തൃപ്പാദപുരം അരശുംമൂട് റോഡിന് ഇരുവശത്തുമായി താമസിക്കുന്ന സ്ഥിരതാമസക്കാരായ 23 കുടുംബങ്ങളെയാണ്.

### 5.4 ബാധിത കുടുംബങ്ങൾ

2 വ്യവസായ സ്ഥാപനങ്ങളിൽ 1 പൂർണ്ണമായും 2 ഭാഗികതമായും നഷ്ടപ്പെടുന്നു. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

| ക്രമന മ്പർ | ഉടമകളുടെ പേര് | സർവ്വേ നമ്പർ |
|---|---|---|
| 1 | സതീശൻ<br>കെ. ജി. സ്റ്റോർ 2 നിലകെട്ടിടം | TC 98(2) 788 (1) |
| 2 | രാജേന്ദ്രൻ<br>ദേവകൃപ സ്റ്റോർ | 98/2248 |
| 3 | രാജേന്ദ്രൻ<br>ബേക്കറി | |

### 5.5 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗ്ഗവും

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂഉടമകളുടെ താമസ സൗകര്യം ഭാഗികമായി നഷ്ടപ്പെടുന്നു. എന്നാൽ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം പൂർണ്ണമായും നഷ്ടപ്പെടുന്നു.

### ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നവരുടെ പേര് വിവരങ്ങൾ

| നമ്പർ | പേര് | ഉപജീവനമാർഗ്ഗം |
|---|---|---|
| 1 | ദേവകൃപ | രാജേനന്ദ്രൻ, രമണി |
| 2 | ബേക്കറി | രാജേനന്ദ്രൻ, രമണി |
| 3 | കെ. ജി. ഠസ്റ്റാർ | സതീശൻ നായർ, വിഷ്ണു |

അധികമായി ലഭിച്ച വിവരങ്ങൾ

## അദ്ധ്യായം - 6

# സാമൂഹിക സാമ്പത്തിക സാംസ്ക്കാരിക അവലോകനം

പദ്ധതി പ്രദേശത്ത് 23 ഭൂഉടമകളുടെ ഭൂമിയാണുള്ളത്. സ്വകാര്യവ്യക്തികളെല്ലാംതന്നെ വിവിധ ജാതിമതങ്ങളിൽ ഉൾപ്പെട്ടവരും ഭൂഉടമകൾ എ. പി. എൽ., പൊതുവിഭാഗത്തിലും ഉൾപ്പെട്ടവരുമാണ്.

| Sr.No | Name | APL | BPL | Others |
|---|---|---|---|---|
| 1 | ഗാഡ്വിൻ റസ്സൽ<br>സെലിൻ ഗാഡ്വിൻ റസ്സൽ<br>ആനന്ദഭവൻ, ആറ്റിപ്ര, കുളത്തൂർ പി. ഒ. | | | ✓ |
| 2 | ലീലാവതി അമ്മ<br>ലീലാസദനം, TC/04/80<br>ചിറ്റുള്ളൂർ, കവടിയാർ പി. ഒ | ✓ | | |
| 3 | മഹേഷ്കുമാർ<br>സ്മൃതി, ARA/36<br>അരശ്ശുംമൂട്, കുളത്തൂർ പി. ഒ. | | | ✓ |
| 4 | സുജിത്പ്രഭ<br>വില്ല നമ്പർ 11, ടെക്വ്യൂ വില്ല<br>തൃപ്പാദപുരം, കുളത്തൂർ പി. ഒ. | ✓ | | |
| 5 | ധന്യ ആർ കുമാർ<br>ശ്രീരഥം, മുടപുരം പി. ഒ. | | | ✓ |
| 6 | രഞ്ജിത്<br>ഇഞ്ജിത് ഭവൻ<br>ആറ്റിപ്ര, അരശുംമൂട്, കുളത്തൂർ പി. ഒ. | | | ✓ |
| 7 | മഹിമ ജി. എസ്.<br>കിളിക്കൂട്, അരശുംമൂട്, കുളത്തൂർ പി. ഒ.<br>മഹിമ, ഉപ്പളം റോഡ്<br>TC 55/2803, GPO, TVM. | | | ✓ |
| 8 | കൃഷ്ണപിള്ള<br>ശ്രീനിലയം ബംഗ്ലാവ്<br>മേലത്തുപറ ദേവാലയം,<br>ആറ്റിപ്ര, കുളത്തൂർ പി. ഒ. | | | ✓ |
| 9 | ജ്യോതിലക്ഷ്മി<br>ആറ്റിപ്ര, അരശുംമൂട്, കുളത്തൂർ പി. ഒ. | | | ✓ |
| 10 | ദേവരാജൻ | | | |
| 11 | പത്മകുമാരി<br>പണയിൽവീട്, ആറ്റിപ്ര,<br>അരശുംമൂട്, കുളത്തൂർ പി. ഒ. | ✓ | | |

| | | | | |
|---|---|---|---|---|
| 12 | രാധാകൃഷ്ണൻ നായർ<br>ആറ്റിപ്ര വീട്, ARA/44, അരശുംമൂട്, കുളത്തൂർ പി. ഒ. | | | ✓ |
| 13 | മായാദേവി<br>ഗംഗാസദനം, അരശുംമൂട്, കുളത്തൂർ പി. ഒ. | | | |
| 14 | രമാദേവി<br>വിളയിൽവീട്, ARA/242, മൺവിള, കുളത്തൂർ പി. ഒ. | ✓ | | |
| 15 | ശ്രീകുമാർ<br>ശിവശക്തി, അരശുംമൂട്, TC/98/2242,<br>കുളത്തൂർ പി. ഒ. | | | ✓ |
| 16 | ഗ്രീഷ്മ പി. എസ്<br>പുണർതം വീട്, അണ്ടൂർകോണം<br>കൂഴാവൂർ പി. ഒ. | | | ✓ |
| 17 | രതി<br>പാലത്തിൽകട, ആറ്റിപ്ര, കുളത്തൂർ പി. ഒ. | | | ✓ |
| 18 | സത്യാനന്ദൻ<br>പണയിൽവീട്, ആറ്റിപ്ര, കുളത്തൂർ പി. ഒ. | ✓ | | |
| 19 | രാജേന്ദ്രൻ<br>ദേവകൃപ, പണയിൽവീട്, ആറ്റിപ്ര, കുളത്തൂർ പി. ഒ. | | | |
| 20 | സതീശൻ<br>വിഷ്ണു നിവാസ്, ആറ്റിപ്ര, കുളത്തൂർ പി. ഒ. | ✓ | | |
| 21 | പ്രഭാകരൻ<br>പ്രഭാവിലാസ്, വെൺപാലവട്ടം. | | | ✓ |
| 22 | ഉമ<br>വടക്കേ ആറ്റിപ്ര വീട്<br>അരശുംമൂട്, കുളത്തൂർ പി. ഒ. | | | ✓ |
| 23 | ടെക്നോപാർക്ക്<br>CEO, പാർക്ക് സെന്റർ, കാര്യവട്ടം, തിരുവനന്തപുരം | | | |
| 24 | ടെക്നോപാർക്ക്<br>CEO, പാർക്ക് സെന്റർ, കാര്യവട്ടം, തിരുവനന്തപുരം | | | |

| No | Social Status | Count |
| --- | --- | --- |
| 1 | APL | 6 |
| 2 | BPL | 0 |
| 3 | Others | 16 |



## അദ്ധ്യായം - 7

# സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി

### 7.1 ആഘാതം കുറയ്ക്കേണ്ട മാർഗ്ഗങ്ങളുടെ രൂപരേഖയും സമീപനങ്ങളും

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവ കാരണമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ ഇല്ലാതാക്കുന്നതിനോ, കുറയ്ക്കുന്നതിനോ എസ്. ഐ.എ. സ്റ്റഡി നടത്തുന്നതിലൂടെ, വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷ, പരോക്ഷ പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും ആഘാതത്തിന്റെ തോത് കുറയ്ക്കുവാനും സാധിക്കുന്നു.

### 7.2 വിവിധ ഘട്ടങ്ങളിലൂടെ ആഘാത വിശകലനം

| നിർമ്മാണത്തിന് മുമ്പ് | നിർമ്മാണഘട്ടം | പ്രവർത്തനഘട്ടം |
|---|---|---|
| ഭൂമി ഏറ്റെടുക്കൽ | വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ, പാലങ്ങൾ എന്നിവ പൊളിക്കുമ്പോഴുണ്ടാകുന്ന മാലിന്യങ്ങൾ | |
| നിർമ്മിതികൾ ഏറ്റെടുക്കൽ | പൊളിക്കപ്പെടുന്ന വീടുകളിലെയും, വാണിജ്യ സ്ഥാപനങ്ങളിലെയും, പാലങ്ങളുടെയും മാലിന്യങ്ങൾ | നിർമ്മിക്കപ്പെടുന്ന അപ്റോച്ച് റോഡിലൂടെ സുഗമമായി സഞ്ചരിക്കുന്നതിനും നിലവിലുള്ള റോഡുകളുടെ പുനസ്ഥാപനത്തിലൂടെ വളരെ വേഗം പദ്ധതി നടപ്പിലാക്കാൻ കഴിയുന്നു. |
| | പുറമേ നിന്നുള്ള തൊഴിലാളികളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വരുന്നതിലൂടെ തദ്ദേശീയരായ തൊഴിലാളികളുടെ തൊഴിൽ സാധ്യതകൾ കുറയുകയും മാലിന്യം, പകർച്ചവ്യാധി എന്നീ | |

| | | |
|---|---|---|
| | ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് സംശയി ക്കപ്പെടുകയും ചെയ്യുന്നു. മാലിന്യം, ശുചിത്വമില്ലായ്മ, പകർച്ച വ്യാധികൾ എന്നിവ യ്ക്കുള്ള സാധ്യതകൾ. | |
| തൊഴിലാളികളുടെയും പരി സരത്ത് താമസിക്കുന്നവരു ടെയും അപകടസാധ്യതകളും സുരക്ഷയും. | | |

7.3 ആഘാത ബാധിതരുടെ തരം

### 1. *പ്രാഥമിക ആഘാത ബാധിതർ*

ഭൂഉടമസ്ഥർ, കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും ഉടമസ്ഥർ, ജോലിചെയ്യുന്ന തൊഴിലാളി കളും അനുബന്ധ ഉദ്യോഗസ്ഥരും സ്റ്റാഫും.

### 2. *ദ്വിതീയ ആഘാത ബാധിതർ*

പദ്ധതി പ്രദേശത്തിന്റെ ചുറ്റുപാടും താമസിക്കുന്ന വ്യക്തികളും, കുടുംബങ്ങളും, വാണിജ്യ സ്ഥാപനങ്ങളിൽ ജോലിചെയ്ത് ഉപജീവനം നടത്തുന്നവരും.

7.4 പൊതുജനങ്ങളുടെ ആശങ്കകൾ

***എ) ആരോഗ്യം***

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാല ങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡും നിർമ്മിക്കുമ്പോൾ ഗതാഗതം തടസ്സപ്പെ ടുമോ എന്നുള്ള ആശങ്ക.

***ബി) ശുദ്ധജലം***

പദ്ധതിപ്രദേശത്ത് കുടിവെള്ളം തടസ്സപ്പെടുമോ എന്നുള്ള ആശങ്ക.

***സി) മലിനജല നിർമ്മാർജ്ജനം***

വീടുകളും, വാണിജ്യസ്ഥാപനങ്ങളും, പാലങ്ങളും പൊളിക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുമോ എന്നുള്ള ആശങ്ക.

### *ഡി) വൈദ്യുതി*

നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകളും, ട്രാൻസ്ഫോർമറും മാറ്റുമ്പോൾ വൈദ്യുതി വിതരണ പ്രശ്നങ്ങളെ ബാധിക്കുമോ എന്നുള്ള ആശങ്ക.

### *ഇ) കുടിവെള്ളം*

വീടുകളിലേയ്ക്ക് നൽകിയിട്ടുള്ള ശുദ്ധജല വിതരണം സമയബന്ധിതമായി പുനസ്ഥാപിച്ചു കിട്ടുമോ എന്നുള്ള ആശങ്ക.

എഫ്) ടെലിഫോൺ പോസ്റ്റുകൾ, ബോക്സുകൾ എന്നിവ മാറ്റുമ്പോൾ ടെലിഫോൺ വിതരണ പ്രശ്നങ്ങളെ ബാധിക്കുമോ എന്നുള്ള ആശങ്ക.

### *പരിഹാരമാർഗ്ഗം*

മേൽപറഞ്ഞ ആശങ്കകൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ സമയോചിതമായ ഇടപെടലുകളും കാര്യക്ഷമതയും അനിവാര്യമാണ്.

## 7.5 സാമൂഹ്യപ്രത്യാഘാതം ലഘൂകരിക്കാനും നഷ്ടപരിഹാരത്തിനുള്ള മാർഗ്ഗങ്ങൾ

1. 23-09-2015-ലെ 485/15/ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂ ഉടമകളുമായി ചർച്ചനടത്തി നിലവിലെ കമ്പോളവില ലഭ്യമാക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.
2. 29-12-2017-ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുനരധിവാസ പുനഃസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക.
3. പദ്ധതി ആസൂത്രണ-നിർവ്വഹണ സമയങ്ങളിൽ സർവ്വേപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

### 7.6 ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനരധിവാസ വ്യവസ്ഥകൾ

ആർ. എഫ്. സി. റ്റി. എൽ. എ. ആർ. ആർ. ആക്ട് അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം നൽകുകയും പുനരധിവാസം നടത്തേണ്ടതുമാണ്.

## 7.7 വിവിധ തരത്തിലുള്ള ആഘാതത്തിന്റെ തീവ്രത ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ

| നമ്പർ | പ്രത്യാഘാതത്തിന്റെ തരം | സ്ഥിതിവിവരം | ലഘൂകരണമാർഗ്ഗങ്ങൾ |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടുന്നത് | 21 ഭൂഉടമകളുടെ ഭൂമി പ്രത്യക്ഷത്തിൽ ബാധിക്കുന്നു. | 1. 23-09-2015-ലെ 485/15/ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കാർ നയത്തിനനുസരിച്ച് ഭൂഉടമകളുമായി ചർച്ചനടത്തി നിലവിലെ കമ്പോളവില ലഭ്യമാക്കുന്നതിനുള്ള സാഹചര്യമൊരുക്കുക. |
| 2 | ഉപജീവനസാദ്ധ്യതകൾ നഷ്ടപ്പെടുന്നത് | 3 വാണിജ്യ സ്ഥാപനങ്ങളിലായി 4 തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുകയും ഇവരുടെ ഉപജീവനത്തിന് ഭീഷണിയുണ്ടാകുന്നു. | 29-12-2017 ൽ പ്രസിദ്ധീകരിച്ച സർക്കാർ നയമനുസരിച്ചുള്ള പുനരധിവാസ, പുനഃസ്ഥാപന ആനുകൂല്യങ്ങൾ ഉറപ്പാക്കുക. |
| 3 | ഉൽപ്പാദനക്ഷമമായ ആസ്തികൾ നഷ്ടപ്പെടുത്തുന്നത്. | | നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ചുള്ള നഷ്ടപരിഹാരം നിർമ്മാണപ്രവർത്തികൾ നടക്കുന്നതിനോടൊപ്പംതന്നെ പുനഃസ്ഥാപനവും നടത്തുക. |
| 4 | പൊതുഉപയോഗ മുതലുകൾ നഷ്ടപ്പെടുന്നത് | ശുദ്ധജലവിതരണം, ജലമാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ, വൈദ്യുതി, ടെലിഫോൺ കാലുകൾ, ബോക്സുകൾ, വയറുകൾ, സൈൻബോർഡുകൾ. | |
| 5 | മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ നഷ്ടപ്പെ | ആറ്റിപ്ര മേലത്ത് ഭഗവതി ക്ഷേത്രത്തിന്റെ | നിർമ്മമ്മാണ പ്രവർത്തികൾ നടക്കുന്നതിനോടൊപ്പംതന്നെ |

| | | | |
|---|---|---|---|
| | ടുന്നത് | ചുറ്റുമതിൽ, ഗേറ്റ്, കരി കൽ കെട്ട് എന്നിവ. | പുനഃസ്ഥാപനവും നടത്തുക. |

## അദ്ധ്യായം - 8
## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതി 2013 -ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള പൊതു ആവശ്യമെന്ന ശീർഷകത്തിൽ വരുന്നത്ണ്. കാലാകാലങ്ങളായി ഭൂമിയും വസ്തുവകകളും കൈവശംവച്ചും ഉടമസ്ഥപ്പെടുത്തിയും വരുന്ന പ്രാഥമിക ആഘാത ബാധിതരും ഭൂമിയുടെയും നിർമ്മിതികളുടെയും ഉടമസ്ഥരുമായ വ്യക്തികളും കുടുംബങ്ങളുമാണ് ഈ ഭൂമി കൈവശം വച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ തൊഴിൽ എടുക്കുന്നവരെല്ലാം തന്നെ ആഘാതബാധിതരാകുന്നു എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വെളിപ്പെടുത്തുന്നത്. ആയതിന്റ 2013 ലെ നിയമങ്ങളും അനുബന്ധ ചട്ടങ്ങളിലും വ്യസ്ഥ ചെയ്തിരിക്കുന്ന എല്ലാ നഷ്ടപരിഹാരവും സർക്കാർ നിജപ്പെടുത്തി നൽകിക്കൊണ്ട് സാമൂഹ്യ പ്രത്യാഘാതങ്ങൾ പരമാവധി കുറയ്ക്കാവുന്നതാണ്.

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് 23 ഭൂഉടമകളും 3 വാണിജ്യസ്ഥാപനങ്ങളും, ടെക്നോപാർക്കിന്റെ ഉടമസ്ഥതയിലുള്ള 2 വസ്തുവകകളും ഉൾപ്പെടുന്നു.

## അദ്ധ്യായം - 9

## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

### സ്ഥാപന ഘടനയും പ്രധാന വ്യക്തികളും

തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതി പ്രദേശത്തെ ഭൂമി ഏറ്റെടുക്കൽവഴി ബാധിതരായ വ്യക്തികൾക്കും കുടുംബങ്ങൾക്കുമുള്ള പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തികളെ ആസുത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്ററെ സംസ്ഥാന സർക്കാർ നിയമിച്ച് ഉത്തരവാകണമെന്ന് 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമങ്ങളും ചട്ടങ്ങളും വ്യവസ്ഥചെയ്യുന്നത്. ഇതിൻപ്രകാരം നിയമിതനായ അഡ്മിനിസ്ട്രേറ്റർ സംസ്ഥാന സർക്കാരിന്റെയും പുനരധിവാസ, പുനഃസ്ഥാപന കമ്മിഷണറുടെയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർദ്ദേശങ്ങളനുസരിച്ച് പുനരധിവാസ പുനഃസ്ഥാപന പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണെന്നും ഗതിനിയന്ത്രണം നടത്തേണ്ടതാണെന്നും നിയമം അനുശാസിക്കുന്നു.

മേൽപറഞ്ഞപ്രകാരം 2013-ലെ നിയമം അനുശാസിക്കുന്ന രീതിയിൽ അനുയോജ്യമായ നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള ആഘാത ലഘൂകരണ മാർഗ്ഗങ്ങളിലൂടെ തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ തൊടിന്റെ കൈവഴിക്കു കുറുകെയുമുള്ള പാലങ്ങളുടെ പുനർനിർമ്മാണവും അനുബന്ധ റോഡ് വികസനവും ഭൂമി ഏറ്റെടുക്കൽ പദ്ധതിക്കായി പുനരധിവാസകേന്ദ്രം നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൂമി പ്രയാസങ്ങളും എതിർപ്പുകളും പരമാവധി ലഘൂകരിച്ചുകൊണ്ട് ഏറ്റെടുക്കാൻ സാധിക്കുന്നതാണ്. സംസ്ഥാന സർക്കാർ 2015 സെപ്റ്റംബർ 23ലെ ഉത്തരവ് (എം. എസ്) നമ്പർ 485/15/ആർ. ഡി. സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുക്കൽ സുതാര്യതയ്ക്കായുള്ള നയം എന്നിവ സുപ്രധാന രേഖകളാണ്.

എല്ലാ ജില്ലകളിലും ന്യായവില, പുനരധിവാസ, പുനഃസ്ഥാപന കമ്മിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വേഗത കൂട്ടാനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിനും വേണ്ടി ജില്ലാ കളക്ടർ, അഡ്മിനിസ്ട്രേറ്റർ (പുനരധിവാസം, പുനഃസ്ഥാപനം), ലാന്റ് അക്വിസിഷൻ ഓഫീസർ, ഫിനാൻസ് ഓഫീസർ, അർദ്ധനാധികാരി, പ്രാദേശിക സ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധി തുടങ്ങിയവർ അംഗങ്ങളായ സമിതി മേൽനോട്ടംവഹിക്കുന്നു.

## അദ്ധ്യായം - 10
## സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി ഒരു രൂപരേഖ

2013-ലെ എൽ. എ. ആർ. ആർ. ആക്ട് അനുസരിച്ച് ആർ. ശി. ആർ. എഫ്. സി. റ്റി. പ്രകാര മുള്ള നഷ്ടപരിഹാരം ഭൂഉടമകൾക്ക് നൽകിയോ എന്നും ന്യാമായ നഷ്ടപരിഹാരം ലഭിച്ചോ എന്നുള്ളതും നിരീക്ഷിക്കുകയും അവലോകനം നടത്തുകയും വേണം.

## അദ്ധ്യായം - 11

## വിലയുടെയും നേട്ടങ്ങളുടെയും അപഗ്രഥനവും ഏറ്റെടുക്കുന്നതിനുള്ള ശുപാർശകളും

നിർദ്ദിഷ്ട പദ്ധതിപ്രദേശം വിവിധ വ്യക്തികൾ താമസ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നതാണ്.

ഈ പദ്ധതിയുടെ നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കുന്നതിലുള്ള ആഘാതം ന്യായീകരിക്കാവുന്നതേയുള്ളൂ.

പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും അവരുടെ താൽപര്യവും കണക്കിലെടുത്ത് ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണം.

### 11.1 പ്രധാന കണ്ടെത്തലുകൾ

- എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ കണ്ടെത്തൽ പ്രകാരം പദ്ധതിപ്രദേശത്ത് 23 സ്വകാര്യ ഭൂഉടമകളുണ്ട്. ഒരു അർദ്ധസർക്കാർ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 2 വസ്തുവകകളുമുണ്ട്. (ടെക്നോപാർക്ക്).
- ഭൂരിഭാഗം ഭൂമിയും പാരമ്പര്യമായി കൈമാറിവന്നവയാണ്. പദ്ധതിപ്രദേശത്തുനിന്നുള്ള വരുമാനംകൊണ്ട് മാത്രം ഉപജീവനം നടത്തുന്ന കുടുംബങ്ങളുമുണ്ട്.

### 11.2 എസ്. ഐ. എ. സ്റ്റഡി യൂണിറ്റിന്റെ ശുപാർശകൾ

പദ്ധതി ബാധിത കുടുംബങ്ങൾക്ക് അർഹമായ പുനരധിവാസവും ഭൂഉടമകൾക്ക് ന്യായമായ നഷ്ടപരിഹാരവും ഉറപ്പുവരുത്തേണ്ടതാണ്. ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാണ്.

# ഭൂമി ബാധിക്കുന്നവരുടെ വിവരങ്ങൾ

താലൂക്ക് : തിരുവനന്തപുരം | വില്ലേജ് : ആറ്റിപ്ര
ബ്ലോക്ക് : 17 | ഭൂമിയുടെ തരം : പുരയിടം

| നമ്പർ | പട്ടാദാരുടെ പേര്, അഡ്രസ്സ് | ബാധിക്കുന്ന ഇനങ്ങൾ | സർവ്വേ നമ്പർ/ തണ്ടപ്പേര് | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | ഗാഡ്‌വിൻ റസ്സൽ<br>സെലിൻ ഗാഡ്‌വിൻ റസ്സൽ<br>ആനന്ദഭവൻ, ആറ്റിപ്ര,<br>കുളത്തൂർ പി. ഒ. | മതിൽ, ഗേറ്റ്, മരങ്ങൾ | 346/13<br>15586 | 54 സെന്റ് |
| 2 | ലീലാവതി അമ്മ<br>ലീലാസദനം, TC/04/80<br>ചിറ്റുള്ളൂർ, കവടിയാർ പി. ഒ | കരിങ്കൽ മതിൽ (ഭാഗികമായി പൊളിഞ്ഞത്) | 394/6<br>5830 | 16 സെന്റ് |
| 3 | മഹേഷ്കുമാർ<br>സ്മൃതി, ARA/36<br>അരശ്ശുംമൂട്, കുളത്തൂർ പി. ഒ. | മതിൽ(ഒരുവശം), കോൺക്രീറ്റ് തൂൺ, തറയോട് പാകിയ മുറ്റം, കോൺക്രീറ്റ് കെട്ട് | 394/4<br>15883 | 12 സെന്റ് |
| 4 | സുജിത്പ്രഭ<br>വില്ല നമ്പർ 11, ടെക്‌വ്യൂ വില്ല<br>തൃപ്പാദപുരം, കുളത്തൂർ പി. ഒ. | മതിൽ, ഗേറ്റ് | 346/121<br>16917 | 15 സെന്റ് |
| 5 | ധന്യ ആർ കുമാർ<br>ശ്രീരഥം, ചുമടുതാങ്ങി,<br>ചിറയിൻകീഴ്, മുടപുരം പി. ഒ. | മതിൽ, മരങ്ങൾ | 394/3-1<br>16432 | 30 സെന്റ് |
| 6 | രഞ്ജിത്<br>രഞ്ജിത് ഭവൻ<br>ആറ്റിപ്ര, അരശുംമൂട്, കുളത്തൂർ പി. ഒ. | 2 കരിങ്കൽകെട്ട് തൂൺ | 346/15<br>16734 | 4 സെന്റ് |
| 7 | മഹിമ ജി. എസ്.<br>കിളിക്കൂട്, അരശുംമൂട്, കുളത്തൂർ പി. ഒ.<br>(മഹിമ, ഉപ്പളം റോഡ്<br>TC 55/2803, GPO, TVM.) | മതിൽ, ഗേറ്റ് | 346/10, 346/11, 346/8<br>12253 | 20 സെന്റ് |
| 8 | കൃഷ്ണപിള്ള<br>ശ്രീനിലയം ബംഗ്ലാവ്<br>മേലത്തുപറ ദേവാലയം,<br>ആറ്റിപ്ര, കുളത്തൂർ പി. ഒ. | മതിൽ, ഗേറ്റ്, കരികൽകെട്ട്, മരങ്ങൾ | 394/2<br>4668 | 1 ഏക്കർ 4 സെന്റ് |
| 9 | ജ്യോതിലക്ഷ്മി<br>ആറ്റിപ്ര, അരശുംമൂട്, | മതിൽ | 346/9<br>13536 | 12 സെന്റ് |

| | | | | |
|---|---|---|---|---|
| | കുളത്തൂർ പി. ഒ. | | | |
| 10 | ദേവരാജൻ | മതിൽ, ഗേറ്റ് | വിവരങ്ങൾ തന്നിട്ടില്ല | |
| 11 | പത്മകുമാരി<br>പണയിൽവീട്, ആറ്റിപ്ര,<br>അരശുംമൂട്, കുളത്തൂർ പി. ഒ. | മതിൽ, വീടിന്റെ ഒരു ഭാഗം | 394/1<br>9491 | 7 സെന്റ് |
| 12 | രാധാകൃഷ്ണൻ നായർ<br>ആറ്റിപ്ര വീട്, ARA/44,<br>അരശുംമൂട്, കുളത്തൂർ പി. ഒ. | മതിൽ, 2 ഗേറ്റ്, തറയോട് പാകിയ മുറ്റം, കിണർ | വിവരങ്ങൾ തന്നിട്ടില്ല | |
| 13 | മായാദേവി<br>ഗംഗാസദനം, അരശുംമൂട്,<br>കുളത്തൂർ പി. ഒ. | മതിൽ, ഗേറ്റ്, മരങ്ങൾ | ” | |
| 14 | രമാദേവി<br>വിളയിൽവീട്, ARA/242,<br>മൺവിള, കുളത്തൂർ പി. ഒ. | മരങ്ങൾ | 397/11<br>4697 | 6 സെന്റ് |
| 15 | ശ്രീകുമാർ<br>ശിവശക്തി, അരശുംമൂട്,<br>TC/98/2242, കുളത്തൂർ പി. ഒ. | മതിൽ, ഗേറ്റ്, തറയോട് പാകിയ മുറ്റം | 340/8<br>6860 | 10 സെന്റ് |
| 16 | ഗ്രീഷ്മ പി. എസ്<br>പുണർതം വീട്,<br>അണ്ടൂർകോണം<br>കീഴാവൂർ പി. ഒ. | | 340/9<br>16860 | 10 സെന്റ് |
| 17 | രതി<br>പാലത്തിൽകട, ആറ്റിപ്ര,<br>കുളത്തൂർ പി. ഒ. | രണ്ടുനില വീട് പൂർണ്ണമായി | 397/25<br>8043 | 2 സെന്റ് |
| 18 | സത്യാനന്ദൻ<br>പണയിൽവീട്, ആറ്റിപ്ര,<br>കുളത്തൂർ പി. ഒ. | കരിങ്കൽകെട്ട് | 343/1<br>3915 | 16 സെന്റ് |
| 19 | രാജേന്ദ്രൻ<br>ദേവകൃപ, പണയിൽവീട്,<br>ആറ്റിപ്ര, കുളത്തൂർ പി. ഒ. | 2 കട, കോൺക്രീറ്റ് മുറ്റം, മരങ്ങൾ | വിവരങ്ങൾ തന്നിട്ടില്ല | |
| 20 | സതീശൻ<br>വിഷ്ണു നിവാസ്, ആറ്റിപ്ര,<br>കുളത്തൂർ പി. ഒ. | കട കെ. ജി. സ്റ്റോർ പൂർണ്ണമായും (രണ്ടുനില കെട്ടിടം), | | 2 സെന്റ് |
| | സതീശൻ<br>വിഷ്ണു നിവാസ്, ആറ്റിപ്ര,<br>കുളത്തൂർ പി. ഒ. | മതിൽ, ഗേറ്റ് | 395/1<br>2771 | 9 സെന്റ് |
| 21 | പ്രഭാകരൻ | മരങ്ങൾ | 295/3, 295/2 | 21 സെന്റ് |

| | | | | |
|---|---|---|---|---|
| | പ്രഭാവിലാസ്, വെൺപാലവട്ടം. | | 4680 | |
| 22 | ഉമ<br>വടക്കേ ആറ്റിപ്ര വീട്<br>അരശുംമൂട്, കുളത്തൂർ പി. ഒ. | വസ്തു | 343/7-1<br>15421 | 22 സെന്റ് |
| 23 | ടെക്നോപാർക്ക്<br>CEO, പാർക്ക് സെന്റർ,<br>കാര്യവട്ടം, തിരുവനന്തപുരം | വസ്തു | 343/3<br>12238 | 19 സെന്റ് |
| 24 | ടെക്നോപാർക്ക്<br>CEO, പാർക്ക് സെന്റർ, കാര്യവട്ടം, തിരുവനന്തപുരം | വസ്തു | 340, 340, 343<br>11978 | 32 സെന്റ് |
| 25 | ശ്യാംകുമാർ | | | |
| 26 | രക്തസാക്ഷിമണ്ഡപം | | | |

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2( 45073
dated 05-09-2012 w RNI
Reg No.KL/TV(N)/634 21-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 മേയ് 24<br>24th May 2022<br>1197 ഇടവം 10<br>10th Idavam 1197<br>1944 ജ്യേഷ്ഠം 3<br>3rd Jyaishta 1944 | നമ്പർ<br>No. | 1679 |


ഫാറം നമ്പർ 4

[ചട്ടം 11(3) കാണുക]

### വിജ്ഞാപനം

കെ6-154254/2018 2022 മേയ് 2

ചുവടെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്ക അതായത് പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം)-ന് വേണ്ടി തിരുവനന്തപ ജില്ലയിലെ ആറ്റിപ്ര വില്ലേജിൽ തെറ്റിയാർ തോടിനു കുറുകെയുള്ള പാല തെറ്റിയാർ തോടിന്റെ കൈവഴിയ്ക്ക് കുറുകെയുള്ള പാല പുനർനിർമ്മിക്കുന്നതിനും അവയുടെ അനുബന്ധ റോഡ് നിർമ്മാണത്തിനും വേ സ്ഥലം ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാ ബോധ്യപ്പെട്ടതിനാലും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്ക പുനരധിവാസത്തിനുമുള്ള ആക്ട് 2013 (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4 വകുപ്പിന്റെ (1) -ാം ഉപവകുപ്പ് അനുസരിച്ച് കേരള സർക്കാരിൽ നിക്ഷിപ്തമായിട്ടു

This is a digitally signed Gazette

അധികാരം വിനിയോഗിച്ച് താഴെ പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ, ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹ്യ പ്രത്യാഘ വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധ തയ്യാറാക്കുന്നതിനും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂറൽ ഡെവലപ്പ്മെന്റ്, ഐ.ആർ.ഡി സുരക്ഷ പ്രോജക് റ്റി,സി- 16/5275, ഹൗസ് നമ്പർ- 81, റ്റിപിജെ നഗർ, പ്ലാമൂട്, പട്ടം പി. തിരുവനന്തപുരത്തിന് ( ഇമെയിൽ- irdkerala@gmail.com, മൊബൈ നം-9447033784) അനുമതി നൽകുന്നു. ടി പ്രവൃത്തി ഒരു മാസ കാലയളവിനുള്ള പൂർത്തിയാക്കേണ്ടതും യാതൊരു കാരണവശാലും ആറു മാസത്തിൽ അധികമാക പാടില്ലാത്തതുമാണ്.

<u>പട്ടിക</u>

ജില്ല — തിരുവനന്തപുരം. താലൂക്ക് — തിരുവനന്തപു

വില്ലേജ് — ആറ്റിപ്ര. ബ്ലോക്ക് നം –

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

| ക്രമ നമ്പർ | റീ സർവ്വെ നമ്പർ | വിവരണം | വിസ്തീർണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 340 ഭാഗം | പുരയിടം | ആകെ വിസ്തീർണ്ണം 19.40 ആർ |
| 2 | 343ഭാഗം | പുരയിടം | |
| 3 | 346 ഭാഗം | പുരയിടം | |
| 4 | 394 ഭാഗം | പുരയിടം | |
| 5 | 395 ഭാഗം | പുരയിടം | |
| 6 | 397 ഭാഗം | പുരയിടം | |

(ഒപ്പ്)
ജില്ലാ കളക്
*തിരുവനന്തപ*

<u>വിശദീകരണക്കുറിപ്പ്</u>

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നില്ല. എന്നാൽ പൊതു ഉദ്ദേ വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിലെ ആറ്റിപ്ര വില്ലേജിൽ തെറ്റിയാർ തോട കുറുകെയുള്ള പാലവും തെറ്റിയാർ തോടിന്റെ കൈവഴിയ്ക്ക് കുറുകെയു പാലവും പുനർനിർമ്മിക്കുന്നതിനും അവയുടെ അനുബന്ധ റേ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in

പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം) തിരുവനന്തപുരം അർത സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തി പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013-ലെ വ്യവസ്ഥകൾക്ക് വിധേയമ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ഇൻസ്റ്റിറ്റ്യൂഷൻ ഫോർ റൂ ഡെവലപ്പ്മെന്റ്, ഐ.ആർ.ഡി സുരക്ഷ പ്രോജക്ട് , റ്റി.സി- 16/5275, ഹ നമ്പർ- 81, റ്റിപിജെ നഗർ, പ്ലാമൂട്, പട്ടം പി.ഒ , തിരുവനന്തപുരത്തിന് അനു നൽകുന്നു. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തി സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവക ചട്ടങ്ങൾ 2015 ലെ വ്യവസ്ഥകൾക്ക് വിധേയമായി ചട്ടം 11(3) പ്രകാരം വിജ്ഞാപ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

( ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്ക മാത്രം. )

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in

Digitally ... by Salim A
Date 20... 24 02 35:03 +05:30